Vol: 2 / Issue : 4 / DECEMBER 2017

# ഫോർച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേക്ക്



## അവർണ്ണനീയ 'ദാനം'



## പിതൃമൊഴികൾ

*'പ്രാർത്ഥനയെന്നത് ഒത്തിരി ചിന്തിക്കുന്നതിലല്ല', പ്രത്യുത സ്നേഹിക്കുന്നതിലാണ്. നിങ്ങളിലുള്ള ദൈവസാന്നിധ്യത്തിൽ നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കു എപ്പോഴും എവിടെയും പ്രാർത്ഥിക്കുവാൻ കഴിയും'.*


Fortune voice
Vol: 2, Issue : 4, Dec 2017



Chief Editor
Sr Vimala George

Associate Editor
Sr Reena Maria

Editor
Sr Moncy Francis

Editorial Board
Sr Lilly Treesa , Sr Cicy Manuel,
Sr Rosy Joseph, Sr Nirmala Kuriakose,
Sr Litty Xaviour, Sr Alphy Sebastian,
Sr Shiny Anna James,
Sr Remya Mathew

Layout
Sipson Antony


# CONTENTS




- ഹൈറേഞ്ചിന്റെ സുവിശേഷം
- അവർണ്ണനീയ 'ദാനം'
- അറിയാതെ മറഞ്ഞ മാലാഖ
- ഇന്നത്തെ കേരളം
- കഷ്ടപ്പാടിന്റെ കൂനയിലും ഈശോ ജനിക്കുന്നു.
- കഥയല്ലിത് ജീവിതം
- നിർധനരാക്കുന്ന ത്യാഗം
- ഞാൻ അനുഭവിച്ചറിഞ്ഞ വല്യച്ചൻ
- സ്വർഗ്ഗം നിർമ്മിക്കുന്നവർ
- വേരിക്കോസ് വെയ്ൻ
- അമ്മയ്ക്കരികെ
- ആപ്പിൾ റ്റാഷിയും വാനില സോസും



Single copy ₹ 15/- Annual ₹ 60/-

എഡിറ്റോറിയൽ



# പങ്കുവയ്ക്കലിന്റെ മാധുര്യം

ആധുനികതയുടെ തീരത്ത് നീന്തിത്തുടിക്കുന്ന ഈ യുഗം വളർച്ചയുടെ പരകോടിയിൽ എത്തിനിൽക്കുന്നു. ലോകത്തെ കൈവെള്ളയിൽ അമ്മാനമാടുന്ന മനുഷ്യൻ ദൈവത്തെപ്പോലും വെല്ലുവിളിക്കുമ്പോൾ അത് ഒരുപിടി ചാരത്തിനു സദൃശ്യം. പിതാവായ ദൈവം തന്റെ അതിരറ്റ സ്നേഹത്തെപ്രതി മനുഷ്യകുലത്തിനു നൽകിയ അമൂല്യ ദാനമാണ് പുൽക്കൂട്ടിൽ ജാതനായ ഉണ്ണിശോ. ഏകജാതനായ ഈശോ, തന്റെ മനുഷ്യാവതാരത്തിലൂടെ ലോകരക്ഷയ്ക്കായി സ്വയം സമർപ്പിച്ചു. എന്നാൽ മനുജനോ?..... 'തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു'(യോഹ. 3:16). ഈ സ്നേഹത്തിന് നാം പകരം കൊടുക്കേണ്ടിയിരിക്കുന്നു. നാം ഈ സ്നേഹംകൊണ്ട് നിറഞ്ഞ് അത് ത്യാഗമായി, പങ്കുവയ്ക്കലായി, സ്നേഹത്തിന്റെ മറ്റൊരു അവതാരമായി മാറണമെന്നാണ് മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ഇന്ന് നമ്മെ പഠിപ്പിക്കുന്നത്. 'അന്നദാനം മഹാദാനം' എന്നു വിളിച്ചോതിയ ഭാരതം ഇനിയും കൊടുക്കലിന്റെ ലോകത്തേയ്ക്ക് കടക്കേണ്ടതുണ്ട്. സ്വാർത്ഥതയുടെ അന്ധകാരം നിറഞ്ഞ ആധുനികസമൂഹത്തിൽ നന്മയുടെ വെളിച്ചം അല്പം അലയടിക്കുന്നുണ്ട് എന്ന സത്യവും ഇവിടെ വിസ്മരിക്കുന്നില്ല. ആഹാരം നൽകി മരണമുനമ്പിൽ നിന്ന് ജീവിതത്തിന്റെ കരയിലേയ്ക്ക് കൈപിടിച്ചു നടത്തുന്നതു മാത്രമല്ല, മനസ്സിന്റെ പങ്കുവയ്ക്കലും മഹാദാനം തന്നെ. ഇതിന് കൺമുമ്പിലെ പ്രചോദനവും ഉദാത്ത മാതൃകയായി നിലകൊള്ളുന്നു; ആലംബഹീനർക്കും രോഗികൾക്കും കൈത്താങ്ങായിമാറിയ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ജീവിതം.

നൽകുന്നവൻ എന്നും നൽകികൊണ്ടേ ഇരിക്കണം, വാങ്ങുന്നവൻ എന്നും വാങ്ങികൊണ്ടേ ഇരിക്കണമെന്ന തത്വമാണ് ഇന്നിന്റേത്. ഇവിടെ മാറ്റം അനിവാര്യമായിരിക്കുന്നു. 'സ്ഥായിയായ പരാദ ജീവിതം' കൊണ്ട് ഒരുവനും ഒന്നും നേടിയിട്ടില്ല. അത്യുന്നതൻ ചൊരിഞ്ഞ അനുഗ്രഹങ്ങൾ അപരനു പകർന്നുകൊടുക്കേണ്ടത് മനുഷ്യധർമ്മമാണ്. അല്ലാത്തപക്ഷം അവ കെട്ടികിടന്ന് ദുർഗന്ധം വമിക്കുന്ന തടാകത്തിനു സദൃശ്യമാകുന്നു. ആബ്ബാ പിതാവിന്റെ കരവലയത്തിന്റെ സ്നേഹച്ചൂട് തിരിച്ചറിയാനും, ദൈവപുത്രൻ പഠിപ്പിച്ച പങ്കുവയ്ക്കലിന്റെ പാഠങ്ങൾ പിന്തുടരുവാനും നമുക്ക് കഴിയണം. അപരനു കൊടുക്കുന്ന ദാനം നമ്മുടെ ജീവിതത്തെ പ്രശോഭിതമാക്കുന്നു. കാരണം കൊടുക്കുന്നവനിലാണ് മിശിഹാ ജനിക്കുന്നത്. ഏവർക്കും ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട്.....

സ്നേഹപൂർവ്വം,
സി. വിമല ജി.



സി.ലില്ലി ട്രീസ എസ്.സി.ജെ.ജി




# ഹൈറേഞ്ചിന്റെ സുവിശേഷം

## ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ


എല്ലാക്കാലത്തും വ്യത്യസ്തരായ പ്രവാചകരിലൂടെ ദൈവം സംസാരിക്കുന്നുണ്ട്. ദൈന്യത നിറഞ്ഞ മുഖങ്ങളിൽ നോക്കി പുഞ്ചിരിക്കുവാൻ, വിഷമിക്കേണ്ട ഞാൻ കൂടെയുണ്ടെന്ന ഉറപ്പു നൽകുവാൻ, അന്ധകാരം നിറഞ്ഞ മനസ്സുകളിൽ പ്രകാശം പകരുവാൻ, മുറിവേറ്റമനസ്സിലും ശരീരത്തിലും ലേപനം പുരട്ടി സൗഖ്യം നൽകുവാൻ ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൾ ചില നിയോഗങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി എന്നു പറയുന്നത് ശരി. ഹൈറേഞ്ചിന്റെ കർമ്മയോഗിയായി, വല്യച്ചനായി, ആധുനിക കട്ടപ്പനയുടെ ശിൽപിയായി മാറിയ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്, ബെർലിനിലെ പ്രശാന്തസുന്ദരമായ പ്രദേശത്ത് ഫോറസ്റ്റ് ഓഫീസറായ പിതാവിനോടും ദീനദയാലുവും ഭക്തയുമായ മാതാവിനോടും ഇളയ സഹോദരങ്ങളോടുമൊത്തുള്ള ബർണാഡിന്റെ ജീവിതം മറ്റ് ഏതൊ





രു ആൺകുട്ടിയേയും പോലെ സന്തോഷകരവും സാഹസികത നിറഞ്ഞതുമായിരുന്നു. പ്രാർത്ഥന നിറഞ്ഞ കുടുംബാന്തരീക്ഷവും ഞായറാഴ്ചകളിൽ മാതാപിതാക്കളോടും ചേർ ന്ന് ഇടവക ദേവാലയത്തിലെ ദിവ്യബലിയിൽ പങ്കുചേർന്നതുമെല്ലാം ബർണാഡിന്റെ ജീവിതനിയോഗങ്ങളുടെ ആദ്യചുവടുകളായിരുന്നു.

**ഹോസ്പിറ്റലർ സഭയിൽ നവസന്യാസപ്രവേശനത്തിൽ ബർണാഡിന് ഫോർത്തുനാത്തൂസ് എന്ന നാമം ലഭിച്ചു. ആ പേര് സുപരിചിതമല്ലാത്തതിനാൽ പേപ്പറിൽ എഴുതി പോക്കറ്റിലിട്ട് ആവർത്തിച്ച് പറഞ്ഞ് പേര് ഹൃദിസ്ഥമാക്കി.**



ബാല്യകൗമാരങ്ങൾ പിന്നിട്ട ബർണാഡ് 17-ാം വയസ്സിൽ സന്ന്യാസജീവിതം തിരഞ്ഞെടുക്കുമ്പോൾ താൻഹെയ്സർ കുടുംബം പരമ്പരാഗതമായി ചെയ്തുപോന്ന ഫോറസ്റ്റ് ഓഫീസർ ജോലിയിൽ നിന്നുള്ള ഒരു മാറ്റമായിരുന്നു. തങ്ങളുടെ സീമന്തപുത്രന്റെ സന്യാസപ്രവേശനത്തിനുള്ള തീരുമാനം മാതാപിതാക്കൾ അല്പം വൈമനസ്യത്തോടെ അംഗീകരിച്ചപ്പോൾ ബർണാഡിന്റെ ഹൃദയം ആനന്ദിച്ചു.

എനിക്ക് ഏൽപ്പിക്കപ്പെട്ട ഫോറസ്റ്റ് ഏരിയായിൽ, വൃക്ഷങ്ങൾ പരിപാലിച്ചും പുതിയവ നട്ടുവളർത്തിയും പ്രകൃതിയെ കാത്തുപാ ലിക്കുന്ന പിതാവിന്റെ മാതൃകയും സദ്ഗുണസമ്പന്നയും ഉദാരമതിയുമായ മാതാവിന്റെ ജീവിതവും സ്വന്തമാക്കി സന്യാസജീവിതം ആരംഭിച്ച ബർണാഡ് തന്റെ രോഗീശുശ്രൂഷാമേഖലയിൽ വളരെ സേവനതൽപ്പരനായി മുന്നേറി. ഹോസ്പിറ്റലർ സഭയിൽ നവസന്യാസപ്രവേശനത്തിൽ ബർണാഡിന് ഫോർത്തുനാത്തൂസ് എന്ന നാമം ലഭിച്ചു. ആ പേര് സുപരിചിതമല്ലാത്തതിനാൽ പേപ്പറിൽ എഴുതി പോക്കറ്റിലിട്ട് ആവർത്തിച്ച് പറഞ്ഞ് പേര് ഹൃദിസ്ഥമാക്കി. ഫോർത്തുനാത്തൂസ് എന്ന നാമം ഇന്ന് ഹൈറേഞ്ചിന്റെ പുണ്യമായി മാറി. ജർമ്മനിയുടെ സുഖസൗകര്യങ്ങൾ ഇട്ടെറിഞ്ഞ് വിദൂരമായ ഭാരതത്തിൽ മിഷനറിയായി വരികയെന്ന ദൗത്യം വലിയ വെല്ലുവിളിയായി സ്വീകരിക്കുമ്പോൾ തന്റെ സ്ഥാനമാനങ്ങളും അദ്ദേഹം ത്യജിച്ചു. ഹൈറേഞ്ചിലേയ്ക്ക് ദൈവം വിളിച്ചപ്പോൾ ഇവിടുത്തെ പരിമിതികൾ അദ്ദേഹത്തെ അലോസരപ്പെടുത്തിയില്ല. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചം ശുശ്രൂഷകളിൽ വെളിച്ചം പകർന്നു



എന്നതിനേക്കാൾ ഉള്ളിൽ നിന്നും ജ്വലിച്ചുയർന്ന ദൈവീക പ്രകാശം കർമ്മമേഖലകളെ പ്രകാശപൂരിതമാക്കി. താൻ ജീവിച്ചു വളർന്ന നാടും, മിഷനറി എന്ന നിലയിൽ തന്റെ കർമ്മമേഖലയും അദ്ദേഹം താരതമ്യം ചെയ്തില്ല. ജീവിതത്തിന്റെ അതിർവരമ്പുകളിലേയ്ക്ക് മാറ്റി നിർത്തപ്പെട്ടവർ, തങ്ങളുടെ കഠിനാദ്ധ്വാനത്തിനിടയിൽ ആത്മീയവും ഭൗതികവുമായ ശുശ്രൂഷകൾ ലഭിക്കാതെ സ്വപ്നങ്ങൾ ബാക്കിയാക്കിയവരുടെ ഇടങ്ങളിലേയ്ക്ക് രക്ഷയുടെ ദൂതുമായി ദൈവം പ്രത്യേകമായി ചിലരെ തിരഞ്ഞെടുത്തയച്ചവരിൽ ഒരാളായിരുന്നു നമ്മുടെ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ.

പന്തക്കുസ്താനാളിൽ ശിഷ്യഗണത്തിന്റെമേൽ ആവസിച്ച പരിശുദ്ധാത്മാവ് ശിഷ്യരുടെ വാക്കുകൾ തങ്ങളുടെ ഭാഷയിൽ മനസ്സിലാക്കുവാൻ നാനാദിക്കുകളിൽനിന്നും വന്നവരെ സഹായിച്ചതുപോലെ വല്യച്ചന്റെ വലിയ മനസ്സ് മനസ്സിലാക്കുവാൻ അദ്ദേഹത്തെ സമീപിച്ചവർക്ക് സാധിച്ചു. വേദനിക്കുന്നവരുടെ രോദനം ശ്രവിക്കുവാൻ, അവരുടെ നിരവധി ജീവിത പ്രശ്നങ്ങൾക്ക് ഉത്തരമായി തീരുവാൻ ഹൈറേഞ്ചിന്റെ ഈ വലിയ മിഷനറിക്ക് സാധിച്ചു. രോഗസൗഖ്യമായി, ഭവനമായി, ദുഃഖങ്ങളിൽ സാന്ത്വനമായി, വിദ്യയായി, അന്നമായി അനേകായിരങ്ങളുടെ പ്രശ്നങ്ങൾക്ക് ഉത്തരമായി ബ്രദർ ഫോർത്തുനാത്തൂസ് മാറി. അതെ അദ്ദേഹം അവരുടെയെല്ലാം വല്യച്ചനായി തീർന്നു. വി. കുർബ്ബാനയിൽ നിന്നും തിരുവചനത്തിൽ നിന്നും അദ്ദേഹം ചൈതന്യം സ്വീകരിച്ച് മുന്നേറി. ഹൈറേഞ്ചിന്റെ മലഞ്ചെരുവുകൾ അദ്ദേഹം കാൽനടയായി കയറിയിറങ്ങി. കാലങ്ങൾക്കു മുമ്പേ ആ കർമ്മയോഗി നടന്നു. ശാന്തമായി ഒഴുകുന്ന നദിപോലെ ബഹളങ്ങളും സ്വീകരണങ്ങളുമില്ലാത്ത ജീവിതം. ജീവിതകാലത്ത് അദ്ദേഹം അറിയപ്പെടുവാനോ ബഹുമാനിക്കപ്പെടുവാനോ ആഗ്രഹിച്ചില്ല. ദൈവസ്നേഹത്തെപ്രതി നന്മകൾ ചെയ്തു മുന്നേറിയ ജീവിതം. ആ ജീവിതം എത്രയോപേർക്ക് ജീവനേകി. ദൈവസ്നേഹം അനേകർ അദ്ദേഹത്തിലൂടെ അനുഭവിച്ചറിഞ്ഞു. ഭാഷയുടെ പരിമിതികൾ ഒന്നും അദ്ദേഹത്തിന്റെ കാരുണ്യപ്രവൃത്തികൾക്ക് തടസ്സമായില്ല. വല്യച്ചന്റെ കരം ഗ്രഹിച്ച് ചുറ്റും നടന്നവർ പറഞ്ഞവ അദ്ദേഹവും, അദ്ദേഹത്തിന്റെ സാന്ത്വനവചസ്സുകൾ അവരും മനസ്സിലാക്കി. 'എന്റെ ഏറ്റവും

---


**വേദനിക്കുന്നവരുടെ രോദനം ശ്രവിക്കുവാൻ, അവരുടെ നിരവധി ജീവിത പ്രശ്നങ്ങൾക്ക് ഉത്തരമായി തീരുവാൻ ഹൈറേഞ്ചിന്റെ ഈ വലിയ മിഷനറിക്ക് സാധിച്ചു.**

---

**ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ നന്മകൾചെയ്ത ആ ധന്യജീവിതം സ്വർഗ്ഗപ്രവേശനത്തിലൂടെ ഇന്ന് കൂടുതൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു.**

എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്'(മത്താ: 25/40) എന്ന വചനം ജ്വലിക്കുന്ന അനുഭവമായി അദ്ദേഹത്തിൽ കത്തിജ്വലിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ നേരിട്ടനുഭവിച്ച അദ്ദേഹത്തിന് ഒരു അവികസിത നാടിന്റെ ഇല്ലായ്മകൾ അനുഭവിക്കുവാൻ പ്രയാസമുണ്ടായില്ല. ഇവിടുത്തെ ജനതയുടെ നൊമ്പരങ്ങളും രോഗദുരിതങ്ങളും കണ്ടറിഞ്ഞ് അദ്ദേഹം അവരിൽ ഒരാളായി. പാവങ്ങൾക്കുവേണ്ടി തന്റെ ശിഷ്ടജീവിതം മാറ്റിവച്ച് തന്റെ സന്യാസസമർപ്പണത്തെ അദ്ദേഹം പൂർണ്ണമാക്കി. നിന്റെ നാടും വീടും ഉപേക്ഷിച്ച് ഞാൻ കാണിച്ചു തരുന്നിടത്തേയ്ക്ക് പോവുക. നീ ഒരു അനുഗ്രഹമായിരിക്കും എന്ന് പൂർവ്വപിതാവായ അബ്രാഹത്തോട് ദൈവം അരുളിച്ചെയ്ത വാക്കുകൾ തന്റെ ജീവിതത്തിലും അദ്ദേഹം അന്വർത്ഥമാക്കി. ദൈവസ്നേഹത്തിന്റെ ഈരടികൾ ആലപിച്ച് ധന്യമായി തീർന്ന തന്റെ ജീവിതം 2005 നവംബർ 21-ന് തന്റെ വ്രതവാഗ്ദാനദിനം ദൈവകരങ്ങളിൽ സമർപ്പിച്ചു. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ നന്മകൾചെയ്ത ആ ധന്യജീവിതം സ്വർഗ്ഗപ്രവേശനത്തിലൂടെ ഇന്ന് കൂടുതൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. 2014 നവംബർ 22-ന് ദൈവദാസപദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ 12-ാം ശ്രാദ്ധം കട്ടപ്പന സെന്റ് ജോർജ്ജ് ഫൊറോനപള്ളിയിൽവച്ച് 2017 നവം. 21-ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആഘോഷിച്ചു. തുടർന്ന് സെന്റ് ജോൺസ് അങ്കണത്തിലുള്ള ദൈവദാസന്റെ കബറിടത്തിലേയ്ക്ക് ഭക്തിനിർഭരമായ ജപമാല പ്രദിക്ഷണവും തുടർന്ന് ശ്രാദ്ധസദ്യയും നടത്തി. വി. കുർബ്ബാനയിലും ജപമാല പ്രദിക്ഷണത്തിലും വൈദികരും സമർപ്പിതരുമുൾപ്പെടെ ആയിരങ്ങൾ പങ്കെടുത്ത് ബ്രദർ ഫോർത്തുനാത്തൂസ് വഴി ദൈവത്തിൽനിന്നും അനുഗ്രഹങ്ങൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ മാതൃക പിഞ്ചെന്ന് ശുശ്രൂഷാമേഖലകളിൽ നവമായ ചൈതന്യം പകരുവാൻ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ മാധ്യസ്ഥ്യം നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം.





ഫാ. ആന്റണി ഞള്ളമ്പുഴ സി.എം.ഐ, *ചാവറ ആശ്രമം, കട്ടപ്പന*

# അവർണ്ണനീയ 'ദാനം'

**"ജീവിതം വെറും വാങ്ങലുകൾ മാത്രമല്ല, കൊടുക്കലുകൾ കൂടിയാണ്".-വിക്ടർ ഹ്യൂഗോ**

വിത്ത്-അഴിയണം, വിശറി-വീശണം, മണി-മുഴങ്ങണം, പുഴ-ഒഴുകണം, ചന്ദനം-അരയണം, തിരി-ഉരുകണം, സാമ്പ്രാണി-പുകയണം, തൂലിക-ചലിക്കണം, വാഹനം-ഉരുളണം, ചിലങ്ക-ആടണം. അഴിയാത്ത വിത്തും വീശാത്ത വിശറിയും ഉരുകാത്ത തിരിയും മുഴങ്ങാത്ത മണിയും ഒഴുകാത്ത പുഴയും പുകയാത്ത സാമ്പ്രാണിയും ഫലശൂന്യമത്രേ. എന്തും അഴിയുമ്പോഴാണ് അർത്ഥം (Meaningful). അഴിഞ്ഞില്ലെങ്കിൽ അനർത്ഥം (Meaningless). ജീവിതം വാങ്ങലുകൾ മാത്രമാവുകയും കൊടുക്കലുകൾ ഇല്ലാതെ വരികയും ചെയ്യുമ്പോൾ അത് ചാവുകടലായി (Dead Sea) രൂപപ്പെടും. ഇസ്രായേലിലെ രണ്ടു ജലാശയങ്ങളാണ് ഗലീലിയാ തടാകവും ചാവുകടലും. ഗലീലിയാ തടാകത്തിലേതു ശുദ്ധജലമാണ്. വടക്ക് ഹെർമോൻ മലയിൽ നിന്നും മഞ്ഞുരുകിയൊലിച്ചു ജോർദ്ദാനിലൂടെ ഗലീലിയാ തടാകത്തിൽ ചേരുന്നു. അതുകൊണ്ട് അതിലെ വെള്ളം എപ്പോഴും ശുദ്ധമായിരിക്കുന്നു. എന്നാൽ ചാവുകടൽവ്യത്യസ്തമാണ്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 425 മീറ്റർ താഴ്ന്നു കിടക്കുന്ന ഈ



സ്ഥലം ഭൂതലത്തെ ഏറ്റവും താഴ്ന്ന സ്ഥലമായി കരുതപ്പെടുന്നു. ചാവുകടൽ എന്ന നാമം റോമാക്കാർ നല്കിയതാണ്. കാരണം അതിൽ ഒരു ജീവിപോലും വളരില്ല. ഈ രണ്ടു തടാകങ്ങളിൽ ഗലീലിയാതടാകം സ്വീകരിക്കുക മാത്രമല്ല കൊടുക്കുകയും ചെയ്യുന്നു. ചാവുകടൽ സ്വീകരിക്കുക മാത്രം ചെയ്യുന്നു. പുറത്തേയ്ക്കു കൊടുക്കുന്ന സ്വഭാവം ഇല്ല. അതിൽ എല്ലാം കെട്ടി നില്ക്കുന്നു. ചില വ്യക്തികൾ ഗലീലിയാ തടാകം പോലെയാണ്. സ്വീകരിക്കുകയും ഉള്ളത് നല്കുകയും ചെയ്യുന്നു. മറ്റു ചിലർ ചാവുകടൽ പോലെയാണ്. സ്വീകരിക്കുക മാത്രം ചെയ്യുന്നു. അവർ ആർക്കും കൊടുക്കുന്നില്ല. പങ്കുവയ്ക്കാതെ സ്വയം ചാവുകടലായി മാറുന്നു. ജീവിതം ചാവുകടലായിത്തീരാതിരിക്കാൻ ദാനധർമ്മത്തിന്റെ ചാലുകീറുക ആവശ്യമാണ്. ജീവിച്ച വർഷമല്ല, വർഷിച്ച ജീവിതമാണ് മഹനീയജീവിതം. “ In the end, it is not the years in your life that count; It is the life in your years"-Abraham Linacoln )

“ശത്രുപക്ഷത്തെ നിഗ്രഹിച്ച കരങ്ങൾ പെട്ടിയ്ക്ക് പുറത്തിട്ടുകൊണ്ട് വേണം തന്റെ മൃതശരീരവുമായി അവസാനം പട്ടണപ്രദക്ഷിണം നടത്തേണ്ടതെന്ന്” മഹാനായ അലക്സാണ്ടർ ചക്രവർത്തി മരണത്തിന് മുമ്പേ പറഞ്ഞു വെച്ചിരുന്നു. വെട്ടിപ്പിടിച്ചവയെല്ലാം കൈവിട്ടുകൊണ്ട് വെറും കൈയ്യുമായി മടങ്ങുന്നു എന്നുള്ള ഓർമ്മപ്പെടുത്തൽ.



‘അപരന് ഉപകാരം ചെയ്യാത്ത ദിനം വ്യർത്ഥമാണ്’ എന്നു പറഞ്ഞ ചാവറയച്ചൻ, തണുത്ത് വിറങ്ങലിച്ചിരിക്കെ അല്പം തീകൂട്ടാം എന്നു പറഞ്ഞ സഹോദരനോട് പുറത്തുപോയി നോക്കൂ, എല്ലാ വീടുകളിലും കുടിലുകളിലും തീയുണ്ടെങ്കിൽ മാത്രം മതി ഇവിടെ തീ’ എന്നു പറഞ്ഞ വി. ഫ്രാൻസീസ് അസീസ്സി ഇവരൊക്കെ ദാനധർമ്മത്തിന്റെ ധ്യാനവിഷയങ്ങളാണ്. ഒരിക്കൽ വി. ഫ്രാൻസീസ് പറഞ്ഞു ‘ക്രിസ്തുമസ് കാലത്ത് എല്ലാവരും കുറേ ധാന്യം വീട്ടുമുറ്റത്ത് വിതറണം. പക്ഷികൾ മഞ്ഞിൽതീറ്റതേടി വിഷമിക്കുമ്പോൾ അത് അവയ്ക്ക് ആശ്വാസമാകും. കാള, പശു, കഴുത തുടങ്ങിയ സഹോദരന്മാരെ അന്നു ചൂടുവെള്ളത്തിൽ കുളിപ്പിക്കണം. അവയ്ക്ക് തീറ്റ ഇട്ടുകൊടുക്കണം. കാലിക്കൂട്ടിൽ പിറന്ന ക്രിസ്തുവിന്റെ സ്നേഹത്തെപ്രതി’.

ഒരു വർഷത്തെ മാരാമൺ കൺവെൻഷന്റെ സമാപനയോഗത്തിൽ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഇപ്രകാരം പറഞ്ഞു. ’ഈ വർഷത്തെ മാരമൺ കൺവെൻഷന്റെ കടശ്ശി യോഗത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. അതുകൊണ്ട് കേൾവിയുടെ രാത്രി കഴിഞ്ഞു. ഇനി പ്രവൃത്തിയുടെ പകലിലേയ്ക്ക് നാം പ്രവേശിക്കുകയാണ്’. വളരെയേറെ പ്രായമായ ഒരു ഭിക്ഷക്കാരി ഒരു ദിവസം തിരുമേനിയുടെ അടുത്തെത്തി എനിക്ക് ആരുമില്ല തിരുമേനി, എന്നെ സഹായിക്കണം എന്ന് അപേക്ഷിച്ചു. അതുകേട്ട തിരുമേനി അവരോടു പറഞ്ഞു. ’എനിക്കും ആരുമില്ല .. പ്രായവും ഒത്തിരിയായി... ഭാര്യയില്ല, മക്കളില്ല, അപ്പനുമമ്മയുമില്ല’. തിരുമേനിയുടെ അവസ്ഥകേട്ട ഭിക്ഷക്കാരി തന്റെ ഭിക്ഷാപാത്രത്തിൽ നിന്ന് ഇഷ്ടമുള്ളത്ര പണം എടുത്തുകൊള്ളാൻ അദ്ദേഹത്തോടു പറഞ്ഞു. ഉള്ളവരേക്കാൾ ഇല്ലാത്തവർ അവർക്കുള്ളതിൽനിന്ന് പങ്കുവയ്ക്കുന്ന മഹാമനസ്കതയെപ്പറ്റിയാണ് പിതാവ് പറഞ്ഞത്.

ഒരു ബൊളീവിയൻ ക്രിസ്ത്യൻ യുവാവ്, ജനതകളുടെ സാമൂഹിക വിമോചനം ലക്ഷ്യ

മാക്കി ഗറില്ലാകളോടൊപ്പം വനാന്തരങ്ങളിൽ ജീവിച്ചു മരിച്ച സംഭവകഥയുണ്ട്. മരണത്തിനു മുമ്പ് തന്റെ ഡയറിയിൽ ആ യുവാവ് അവസാനമായി കുറിച്ചത് ഇങ്ങനെയായിരുന്നു: 'ദൈവമേ, എന്റെ അയൽക്കാരന്റെ പ്രശ്നം പരിഹരിക്കുന്ന ജാഗ്രതയാണ് സ്നേഹമെന്ന് ഞാൻ കരുതുന്നു. ജീവിതം അർത്ഥവത്തായിരിക്കുന്നിടത്തോളം മരണം ശൂന്യമല്ല. കർത്താവേ, ഞാൻ വിടവാങ്ങട്ടെ'...

ഫ്രാൻസീസ് പാപ്പയുടെ വാക്കുകളിൽ കാരുണ്യ പ്രവൃത്തി എന്നാൽ, എനിക്കുള്ളത് പങ്കുവയ്ക്കുന്നത് മാത്രമല്ല. തോബിത്ത് സമ്പന്നനായിരുന്നു. അദ്ദേഹം തന്റെ സമ്പത്ത് പങ്കുവച്ചു. ദാനധർമ്മം കൊടുത്തു അതോടൊപ്പം അദ്ദേഹം സങ്കടവും പങ്കുവച്ചു. ദരിദ്രരെ വിരുന്നിന് ക്ഷണിച്ചു. അതുകൊണ്ട് പങ്കുവയ്ക്കൽ മാത്രം പോരാ, അനുകമ്പ കൂടെ ഉണ്ടാകണം. സഹിക്കുന്നവരോടൊത്ത് സഹിക്കുവാനുള്ള മനസ്സ്. ഒരു കാരുണ്യപ്രവൃത്തി മനസാക്ഷിയുടെ ഭാരം കുറയ്ക്കുവാൻ മാത്രം ഉള്ളതല്ല. തനിക്കു കൂടുതൽ ആനന്ദം തരുന്ന നല്ല പ്രവൃത്തി ചെയ്യുന്നതു മാത്രമല്ല; എന്റെ ചുമലിലെ ഒരു ഭാരം നീക്കിക്കളയുന്നതുമല്ല. പിന്നെയോ കാരുണ്യ പ്രവൃത്തി ചെയ്യുകയെന്നാൽ മറ്റുള്ളവരുടെ വേദന ഉൾക്കൊള്ളുകയെന്നതാണ്. "നിങ്ങൾ ധർമ്മം കൊടുക്കുമ്പോൾ പാവപ്പെട്ടവരുടെ മുഖത്ത് നോക്കുകയും വേണം" എന്ന ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ കൂടി ഇത്തരുണത്തിൽ നമുക്ക് അനുസ്മരിക്കാം.

"നിങ്ങൾ എല്ലാ കാര്യങ്ങളിലും മികച്ചു നില്ക്കുന്നതുപോലെ കാരുണ്യപ്രവർത്തനങ്ങളിലും മികച്ചു നില്ക്കുവിൻ".. (2 കൊറി. 8:7)


ദരിദ്രരെ സമ്പന്നരാക്കുവാൻ സമ്പന്നനായ ദൈവം ദരിദ്രനായ കാര്യം പൗലോസ് ശ്ലീഹാ നമ്മെ ഇവിടെ ഓർമ്മപ്പെടുത്തുന്നു. മാനം ലഭിക്കാനായി ദാനം ചെയ്യരുതെന്നും, കാഹളമൂതി നടക്കേണ്ടതല്ല ദാനധർമ്മമെന്നും കാണിക്കാൻ ചെയ്താൽ അത് കാണിക്കയാവില്ലെന്നും, ഇട്ട തുട്ടിന്റെ തൂക്കമല്ല, ഇട്ട വിധമാണ് വലുതെന്നും പഠിപ്പിച്ച ഈശോയുടെ വചനങ്ങളിൽ ദാനധർമ്മത്തിന്റെ ധാർമ്മികതയും സൗന്ദര്യവും നിറഞ്ഞുനിൽക്കുന്നു. അതോടൊപ്പം പൗലോസ് ശ്ലീഹാ പറയുന്നു: താത്പര്യത്തോടെയാണ്



നല്കുന്നതെങ്കിൽ ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും (2 കൊറി. 8:14). സന്തോഷപൂർവ്വം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത് ( 2 കൊറി. 9:8). നിങ്ങൾ ഉദാരശീലരാകേണ്ടതിന് ദൈവം നിങ്ങളെ എല്ലാ വിധത്തിലും സമ്പന്നരാക്കുകയും അത് നിങ്ങളിലൂടെ കൃതജ്ഞതാ സ്തോത്രമായി പരിണമിക്കുകയും ചെയ്യും. എന്തെന്നാൽ സേവനത്തിന്റെ ഈ ശുശ്രൂഷ വിശുദ്ധരുടെ ആവശ്യങ്ങൾ നിറവേറ്റുക മാത്രമല്ല, ദൈവത്തിനർപ്പിക്കുന്ന നിരവധി കൃതജ്ഞതാ സ്തോത്രങ്ങളിലൂടെ കരകവിഞ്ഞൊഴുകുകകൂടി ചെയ്യുന്നു.

"അവർണ്ണനീയമായ ദാനത്തിനു ദൈവത്തിന് സ്തുതി." (**2 കൊറി. 9: 11–12**)

വാൽക്കഷണം: കുട്ടി അമ്മയോട്: 'അമ്മേ ഇന്നു ക്രിസ്തുമസ് അല്ലേ? എനിക്ക് സമ്മാനമൊന്നുമില്ലേ?' അമ്മ നിസ്സഹായതയോടെ കുഞ്ഞിനെ നോക്കി 'അമ്മേ വല്ലാത്ത വിശപ്പ് അല്പം ഭക്ഷണമെങ്കിലും..?' ഏങ്ങലടിച്ചു കൊണ്ട് അമ്മ പറഞ്ഞു.. 'മോനേ, നമുക്ക് തരാനുള്ളത് ദൈവം ആരെയോ ഏല്പിച്ചിരിക്കുന്നു, പക്ഷേ അവർ നമ്മെ മറന്നുപോയി..'



സാന്ദ്രാ ജെയിംസ്, *ഇംഗ്ലീഷ് വിഭാഗം ക്രൈസ്റ്റ് കോളേജ്, പുളിയൻമല*



# അറിയാതെ മറഞ്ഞ മാലാഖ

എങ്ങും ദൈന്യത പേറുന്ന മുഖങ്ങളും സ്വരങ്ങളും മാത്രമുള്ള ആ വാർഡിന്റെ ഒഴിഞ്ഞ ഒരു കോണിൽ, നനഞ്ഞ ഒരു തൂവാല കൊണ്ട് മുഖം തുടച്ച്, തന്റെ തലയിണ ചുമരിനോടു ചേർത്തുവച്ചിരിക്കവേ, ജനാലയിലൂടെ നിലാവെട്ടത്തിൽ  തണുത്ത കാറ്റിന്റെ നിസ്വനം അവളുടെ കാതുകളിൽ എത്തി. ഏതാനും നാളുകളായി കിടക്കയുടെ കീഴിൽ ഒളിച്ചുവച്ചിരുന്ന തന്റെ ഡയറി എടുക്കാൻ  അപ്പോൾ അവൾക്ക് തോന്നി. ആ കട്ടിലിനുചുറ്റും ഏറെ നേരം തിരഞ്ഞിട്ട് കിട്ടിയത് മഷി തീരാറായ ഒരു പേനയാണ്. ജനലഴിക്കിടയിലൂടെ നോക്കിക്കൊണ്ട്  ആകാശത്തെ ചുംബിച്ചു നിൽക്കുന്ന സൗധങ്ങൾ കടന്ന് തന്റെ വിഫലജീവിതത്തെ തേടിയെത്താൻ ശ്രമിക്കവേ, അവളുടെ വിറയ്ക്കുന്ന കൈകൾ പതിയെ ചലിച്ചുതുടങ്ങി.

ഇന്ന് ഒക്ടോബർ ഏഴ്, എന്റെ പത്തൊൻപതാം ജന്മദിനം. ആളില്ലായിരുന്നു, ആരവങ്ങളുമില്ലായിരുന്നു.  പലനാളായി എന്തൊക്കെയോ കുറിക്കണമെന്നാഗ്രഹിച്ച് പൊടിപിടിച്ച് തുടങ്ങിയ ഡയറി കൈയ്യിലെടുത്തു. കൂട്ടിയോജിപ്പിക്കാൻ പറ്റാതെ പോയ കുറെയേറെ അക്ഷരങ്ങളെ എങ്കിലും ഇന്നെനിക്ക് കോർത്തിണക്കുവാൻ കഴിയുമായിരിക്കുമെന്ന് വിചാരിച്ചു.

അഞ്ചാം ക്ലാസ്സിൽ വച്ച് രശ്മി ടീച്ചർ കണക്കു പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ പെട്ടെന്നൊരു തലവേദന. സിരകളിൽ രക്തപ്രവാഹം നിലച്ചതുപോലെ, കണ്ണുകളിലെ പ്രകാശം അസ്തമിച്ചതുപോലെ. കാലുകൾ വഴുതി അന്നു ഞാൻ ക്ലാസ്സ്റൂമിൽ വീണു. പിന്നീട് ആശുപത്രിയിൽ വച്ചാണ് ഞാൻ കണ്ണുതുറന്നത്. ആ സംഭവത്തിനുശേഷം തലവേദനയും വിട്ടുപോവാൻ വിസമ്മതിച്ച പനിയും എന്റെ സന്തതസഹചാരികളായി മാറിയതോർക്കുമ്പോൾ ഹൃദയത്തിൽ വട്ടംച്ചുറ്റിപ്പായുന്ന ചുഴിപോലെ തോന്നുന്നു.

എട്ടാം ക്ലാസ്സിലെ മധ്യവേനലവധിക്ക്  വല്യമ്മച്ചിയോടൊപ്പം  പനിയായിട്ട് ആശുപത്രിയിൽ പോയപ്പോഴാണ് ഇന്നീ കാണുന്ന എന്റെ അവസ്ഥയ്ക്ക് ആരംഭം കുറിച്ചത്. ആശുപത്രി വരാ

ന്തയിൽക്കൂടി നടന്നപ്പോൾ വല്യമ്മച്ചി ഡോക്ടറോട് സംസാരിക്കുന്നത് ഞാൻ കേട്ടു: 'അപ്പനും അമ്മേം ഇല്ലാത്ത കുട്ട്യാ, എന്തു ചെയ്യാനാ? ഓടെ തെറ്റല്ല ഡോകിട്ടറെ. ഓടെ അപ്പനും അമ്മേം കൊടുത്തിട്ട് പോയതാ ഈ എയ്ഡ്സ്. അവർക്കും ഇതേ സൂക്കേടായിരുന്നു. ഓളും പോവും... പോട്ടെ.. പോട്ടെ...'

വല്യമ്മച്ചിയുടെ വാക്കുകൾ മുറിയുന്നുണ്ടായിരുന്നു. ആശുപത്രി വരാന്തയിൽ ഒരുപാട് ജീവിതങ്ങളുടെ കഥയുമായ് നിന്നിരുന്ന ആ തൂണിന്റെ മാറിൽ മുഖമമർത്തി വിങ്ങിപ്പൊട്ടിയപ്പോൾ.... ജീവിതത്തിൽ ഇന്ത്യയുടെ മുൻപ്രസിഡന്റ് കലാമിനെപ്പോലെ പറന്നുയരാൻ അഗ്നിച്ചിറകുകൾ ലഭിച്ചപ്പോഴേക്കും അത് അനന്തവിഹായസ്സിനെ സ്വപ്നംകണ്ട് നിലംപതിക്കുന്നതായി എനിക്ക് തോന്നി.

പിന്നീടങ്ങോട്ടുള്ള ജീവിതം.. ഹോ! ജീവിതമെന്നു പറയുന്നതിൽ അർത്ഥമുണ്ടോ? അറിയില്ല! പക്ഷെ അതു ദുസ്സഹമായിരുന്നു.

ഒരുപാട് തവണ ഞാൻ വല്യമ്മച്ചിയോട് ചോദിച്ചു: 'അച്ചാച്ചിക്കും അമ്മയ്ക്കും എങ്ങനെയാ എയ്ഡ്സ് വന്നേയെന്ന്'.

മങ്ങിത്തുടങ്ങിയ വല്യമ്മച്ചിയുടെ കൺകോണിലെ ഒരു ജലകണികയിൽ തട്ടി പ്രകാശം പ്രതിഫലിക്കുന്നതു മാത്രമേ എനിക്കു കാണാൻ കഴിഞ്ഞുള്ളു. ഓർമ്മയുടെ ചില്ലയിൽ സ്നേഹവാത്സല്യങ്ങളുടെ ഒരു ചെറുപുഞ്ചിരി അവശേഷിപ്പിച്ച് മറഞ്ഞ അച്ചാച്ചിയും അമ്മയും ഇന്നവിടെ സ്വർഗ്ഗത്തിലിരുന്ന് ഉത്തരങ്ങൾക്കായി ഒരു വേഴാമ്പലിനേപ്പോലെ ഞാൻ ദാഹിക്കുന്നത് കാണുന്നുണ്ടാവില്ലേ?

എന്തുകൊണ്ടാണ് സമൂഹം ഏറ്റം തിരസ്കരിക്കുന്ന ഈ രോഗം എന്നെ പിടികൂടിയത്, എന്റെ അച്ചാച്ചിയേം അമ്മേം പിടികൂടിയത്,? സംസ്കാരശൂന്യ സമൂഹത്തിന്റെ മുഖമുദ്രയായ നാട്ടിലും വീട്ടിലും ഏറ്റവും അറപ്പുളവാക്കുന്ന, അധാർമ്മിക ജീവിതചര്യയുടെ പരിണിതഫലമെന്നോണം ഒരുവനെ തേടിയെത്തുന്ന ഈ രോഗം എന്തിന് എന്നെ തേടിയെത്തി?

അറപ്പോടെ ഞങ്ങളെ അകറ്റി നിർത്തുന്ന സമൂഹമേ നീ അറിയുന്നുണ്ടോ, എന്നെപ്പോലെ അറിയാതെ ഇവന്റെ പിടിയിലമർന്ന് ശ്വാസംമുട്ടുന്നവർ ഉണ്ടെന്ന്? ഇന്നീ കിടക്കയുടെ അരികിൽ ചാഞ്ഞുറങ്ങാനാഗ്രഹിക്കുന്ന ഞാൻ ഏകയാണ്. എന്റെ ആശ്രയമായിരുന്നു വല്യമ്മച്ചി. ഞാൻ ഉത്തരം തേടിയലയുന്ന ഒരുപാടു ചോദ്യങ്ങളുടെ ഉത്തരമായിരുന്നു വല്യമ്മച്ചി. ഇന്നെനിക്കാശ്വാസമേകുവാൻ, ഉത്തരമേകുവാൻ അവർ ഇല്ല.

ജീവിതത്തിന്റെ അവസാന നാളുകളിൽ ഏകയായ്, മൂകയായ്, ഉത്തരങ്ങളറിയാതെ ചോദ്യങ്ങൾ ബാക്കിയാക്കി വിടപറയേണ്ടി വരികയാണെനിക്ക്. എന്റെ നയനങ്ങളിൽ നനവു വീഴുന്നതുപോലെ... ഇനി എന്തെങ്കിലുമെഴുതാൻ കൈകൾ വിറയ്ക്കുംപോലെ... നിർത്താം... എണ്ണപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഉറക്കമില്ലാത്ത എന്റെ രാത്രികളിൽ അവൾക്കൊരു പ്രത്യേക സൗന്ദര്യംപോലെ. അതൊരുപക്ഷെ ഈ ഡയറിയുടെ അവസാന താളുകളിൽകൂടി എന്റെ കൈകൾ ചലിപ്പിക്കാനായതിനാലാവും... എന്നെ വിളിക്കാതെ പോയ നിദ്രയേ..., ഇന്നെങ്കിലും എന്റെ തോഴിയായ് നീ വരുമോ?

ഡയറി മടക്കി കിടക്കയ്ക്കുകീഴിൽ അവൾ ഭദ്രമായി വച്ചു. പേനയിൽ മഷി ഇനി ബാക്കിയില്ല. തലയിണ ഇറക്കി വച്ച് അവൾ കിടന്നു. ഇന്നവൾ ആകാശങ്ങളെയല്ല സ്വപ്നം കണ്ടത്. ഉയരങ്ങളെ അടക്കി വാഴുന്ന കലാമിന്റെ അഗ്നിച്ചിറകുകളേറി പറന്നുയരാനും അവൾ മിനക്കെട്ടില്ല!

അവളുടെ യാചനയെന്നോണം നിദ്ര അവളുടെ തോഴിയായ് വന്നു. അവളുടെ വരണ്ട തലമുടി നാരുകളെ ഒരു സഹോദരിയെന്നോണം മാടിയൊതുക്കി. പിന്നെ തോഴി അവളെ തന്റെ കൂടെ കൊണ്ടുപോയി. കടലാഴങ്ങളിലേക്കാണോ, ആകാശച്ചെരുവിലെ മേഘകൊട്ടാരത്തിലേക്കാണോ? അറിയില്ല... ഇന്നും അറിയില്ല.

വാർഡിൽ അവിടവിടങ്ങളിൽ നിന്നായി ചില അനക്കങ്ങളും കൂർക്കംവലികളും കേൾക്കാം. അവളുടെ കിടക്കയോടു ചേർന്ന ജനൽപ്പടിയിൽ അപ്പുറത്തെ ബെഡിലെ അപ്പച്ചന്റെ കൊച്ചുമകൻ രാവിലെ കൊടുത്ത റോസാപ്പൂ വാടിയിരിക്കുന്നു. അമ്പിളിയാവട്ടെ നക്ഷത്രങ്ങളോടുപോലും കുശലം പറയാനാവാതെ തണുത്തിരിക്കുന്നു. അവളുടെ ചോദ്യങ്ങളുടെ ഉത്തരങ്ങളാവട്ടെ മണലാരണ്യത്തിലേതുപോലെ അറിയപ്പെടാതെയും.......




ജോർജ് പടവിൽ, കിഴക്കേമാട്ടുക്കട്ട


# ഇന്നത്തെ കേരളം

## വൃത്തം: മഞ്ജരി

പച്ചതൻ പട്ടു വിടർത്തിയ നാടാണ്
കേരവൃക്ഷത്തിന്റെ പുണ്യഭൂമി.
മാവേലി മന്നൻ തൻ നാടാണിതെന്നാലും
ഇപ്പോൾ അതിൻ ശോഭ കാണുന്നില്ല.
കൈയ്യിട്ടു വാരാത്ത നാട്ടുപ്രമാണികൾ
ഇല്ലെന്ന ഖ്യാതിയും വന്നു ചേർന്നു.
വിദ്യയും വ്യാപാരം ഭക്തിയും വ്യാപാ-
രം അല്ലൽ വിട്ടുള്ളൊരു ജീവനില്ല.
കാഞ്ചനം തൂക്കീട്ടു ഹസ്തം ഉയർത്തു
ന്ന കള്ള ദൈവങ്ങൾ പൂക്കുന്ന നാട്.
നാരിതൻ മാനവും വിൽക്കുന്നതിന്നിപ്പോൾ
നാട്ടു നടപ്പുപോലായിപ്പോയി.
കോണകം ഒന്നിനാൽ കാലം കഴിക്കുന്ന
പട്ടിണിക്കോലങ്ങൾ ഉള്ള നാട്.
ജാതിതൻ പേരിലായ് ജാതകം കീറു
ന്ന ജാതീയ രാക്ഷസർ ഉള്ള നാട്.
'പാർട്ടി'കൾ തമ്മിലായ് വെട്ടുന്നു കുത്തു-
ന്നു 'പാർട്ടി' വളർത്തുവാനെന്ന ഭാവം.
ബ്രാണ്ടിയിൽ മുക്കിയും വിസ്കിയിൽ മുക്കി-
യും ഗാന്ധിയെ കൊല്ലുന്ന കൂട്ടരിവർ.
ദേവാലയത്തെക്കാൾ മദ്യാലയത്തിന്
പ്രാധാന്യം നല്കുന്ന നാടായ് മാറി.
സദ്ഗുരു ദേവന്റെ ഉപദേശമിന്നി-
പ്പോൾ ക്കാറ്റിൽ പറക്കുന്ന ധൂളിയായി.
ചിൻമയൻ തന്നിലും വിശ്വാസമില്ലാത്ത
ജാതകം നോക്കുന്ന മർത്യപാശർ.
ആര്യക്ഷോണിയുടെ തെക്കുള്ളയീനാട്
ആർത്ത നാദത്തിന്റെ നാടാണിത്.



മലയജം തൊട്ടല്ല മലയാളിയാവു-
ക മനുജരെ നിങ്ങൾക്ക് ബോധ്യമുണ്ടോ?
മാറ്റം കൊതിക്കുന്നയുൾത്തുടിപ്പുള്ളവർ
മാറ്റത്തിനായല്പം പ്രാർത്ഥിക്കുമോ?
ഒറ്റക്കുട തന്റെ കീഴിലായ് കൂടാ-
മോ മാറ്റത്തിൻ ശംഖുകൾ ഊതിടാമോ.
എങ്കിലീയന്ധകാരത്തിൻ കുണ്ടിൽ നിന്നും
നിശ്ചയമായും നാം രക്ഷനേടും.



സി. റീന മരിയ എസ്.സി.ജെ.ജി

**ചരിത്രവഴികളിലൂടെ -2 (ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ ഡയറിക്കുറിപ്പിൽ നിന്നും)**

# കഷ്ടപ്പാടിന്റെ കൂനയിലും ഈശോ ജനിക്കുന്നു

ഒരു ഞായറാഴ്ച അന്നയെ കണ്ടെത്തിയത്. പകുതിഭാഗം ഇടിഞ്ഞുവീണ മേൽക്കൂര, മേൽക്കൂര എന്നു വിളിക്കാമോ ? എങ്കിലും മേൽക്കൂര മേൽക്കൂര തന്നെ... പുല്ലുമേഞ്ഞിരിക്കുന്നത് അധികവും താഴെ പോയിക്കഴിഞ്ഞിരുന്നു. മുളകഷണങ്ങൾ തെളിഞ്ഞുനിൽക്കുന്നു. കെട്ടുറപ്പില്ല. ഏതു നിമിഷവും താഴെ പോരാവുന്ന അവസ്ഥ. അതിനുകീഴെ ഒരു മൂലയിൽ ശരീരത്തിന്റെ പകുതിഭാഗം തളർന്നവളായി അന്ന വളഞ്ഞുകൂടി കിടന്നിരുന്നു. ശരീരഭാഗങ്ങൾ അനക്കാതിരുന്നതിനാൽ സ്റ്റിഫ് ആയി ത്തീർന്നിരിക്കുന്നു. അവൾ നിസ്സഹായയും, പട്ടിണികൊണ്ട് ശരീരം ക്ഷീണിച്ചും ഇരുന്നിരുന്നു. എല്ലാവിധത്തിലും ഉപേക്ഷിക്കപ്പെട്ടവൾ.

ഉടനെതന്നെ അന്നയെ കട്ടപ്പന പ്രതീക്ഷാഭവനിലേയ്ക്ക് കൊണ്ടുവന്നു. കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ചു. ഭക്ഷണം നൽകി. കട്ടിലും മെത്തയും പുതപ്പും ആവശ്യമായതെല്ലാം നൽകി. അവളുടെ സംരക്ഷണത്തിനും മരുന്നിനും വേണ്ടി പണം നൽകിയ ജർമ്മനിയിലെ സന്മനസ്സുള്ള ഒരു സ്ത്രീയ്ക്ക് അന്നയുടെ ഒരു ഫോട്ടോ അയച്ചുകൊടുക്കുന്നതിനായി ഒരു ഫോട്ടോ എടുത്തു. അതുമായി അന്നയുടെ മുമ്പിൽ വന്നിട്ട് കണ്ണുകളോടടുപ്പിച്ച് ആ ഫോട്ടോ കാണിച്ചിട്ടു ചോദിച്ചു ' ഇതാരാണ്? ' കാഴ്ചയ്ക്കു മങ്ങലുണ്ടെങ്കിലും സാഹചര്യങ്ങളെ മനസ്സിലാക്കാൻ സാധിച്ചിരുന്നു. ആ ചോദ്യത്തിനു മറുചോദ്യം എന്ന വിധത്തിൽ അന്ന ചോദിച്ചു. ' ഇത് ഒരു പക്ഷേ ഈശോയാണോ?'

അവളുടെ ഉന്മേഷം അവളുടെ തെറ്റിദ്ധാരണ അല്ലെങ്കിൽ അബദ്ധം അകറ്റി.

അപ്പോൾ ഞാൻ എന്റെയുള്ളിൽ പറഞ്ഞു. ആ അബദ്ധം വലുതല്ലായിരുന്നു...ഈശോ യഥാർത്ഥത്തിൽ പറഞ്ഞിരുന്നല്ലോ 'എന്റെ ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്' എന്ന്. ഈശോ സത്യത്തിൽ കഷ്ടപ്പാടിന്റെ നടുവിലും സന്നിഹിതനായിരിക്കുന്നു. ഈ സത്യം നമ്മളിൽ ഓരോ നിമിഷവും ബോദ്ധ്യപ്പെടുകയും, ആഴപ്പെടുകയും വേണം.





സി. ഡിലീഷ്യ തെരേസ് എസ്.സി.ജെ.ജി

സെന്റ് ജോൺ ഓഫ് ഗോഡ് കൗൺസിലിംങ് സെന്റർ
ഫോൺ: 9495634623, 04868–251450



# കഥയല്ലിത് ജീവിതം

ഇന്ന് ഏഷ്യയിലെ ഡിവൈൻ ക്യാപിറ്റൽ ആണ് കേരളം. ഏഷ്യയിൽ ഏറ്റവുമധികം വിവാഹമോചന കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നതും കേരളത്തിലാണ്. ലോകത്തിലെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നാണ് പിസായിലെ മാർബിൾ ഗോപുരം. 14–ാം നൂറ്റാണ്ടിൽ പൂർത്തിയാക്കിയ ഈ ഗോപുരത്തിന് ഒരു പ്രത്യേകതയുണ്ട്. പ്രതിവർഷം 1.2 മില്ലി മീറ്റർ എന്ന തോതിൽ ഈ ഗോപുരം ചെരിഞ്ഞുകൊണ്ടിരിക്കുന്നു. 1990–ൽ മിനുക്കുപണികൾ ചെയ്തിട്ടും ഗോപുരത്തിന് 4.5 മീറ്റർ ചെരിവുണ്ട്.

പിസാ ഗോപുരം പോലെയാണ് ഇന്ന് ദാമ്പത്യം; നമ്മുടെ നാട്ടിൽ ഇതു ചെരിഞ്ഞുകൊണ്ടിരിക്കുകയാണ്. കുടുംബജീവിതത്തിലെ വിള്ളലുകളും വിടവുകളും രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ വിടവുകൾ പലതരത്തിലാണ്. അതിലൊന്നാണ് ഇന്നുള്ള സ്ത്രീകളോടുള്ള അതിക്രമം.

പ്രായഭേദമന്യേ വിദ്യാഭ്യാസമുള്ളവളും ഇല്ലാത്തവളും സമ്പന്നയും ദരിദ്രയും ഉദ്യോഗസ്ഥയും വീട്ടമ്മയും ഒരുപോലെ അതിക്രമങ്ങൾക്ക് ഇരയാകുന്നു. ഈ അതിക്രമം, ഭ്രൂണാവസ്ഥയിൽ ആരംഭിച്ച് മരണംവരെ അവളെ പിന്തുടരുന്നു.

ഗർഭാവസ്ഥയിൽ പെണ്ണാണെന്ന് അറിയുമ്പോൾ അതിനെ നശിപ്പിക്കാൻ സമൂഹത്തിന് തിടുക്കമാണ്. ചെറുപ്രായത്തിലുള്ള പെൺ കുഞ്ഞുങ്ങളെപോലും തങ്ങളുടെ ലൈംഗിക ദാഹത്തിന് ഇരയാക്കാൻ തക്കം

പാർത്തിരിക്കുന്ന മനുഷ്യ മൃഗങ്ങളുടെ എണ്ണം കൂടിവരുന്നു. അറിവിന്റെ വെളിച്ചം പകർന്നു നൽകേണ്ടവർ പോലും പെൺകുട്ടികളുടെ പിഞ്ചുമേനിയെ പിച്ചിചീന്തുന്ന കാഴ്ചയും ഇന്ന് വിരളമല്ല. ബസ്സിലും ട്രെയിനിലും ബസ് സ്റ്റാന്റിലും റെയിൽവേ സ്റ്റേഷിലും റോഡുകളിലും സ്ത്രീകൾ നയനപീഡനത്തിനും കമന്റടിക്കും വിധേയരാക്കപ്പെടുന്നു. പൂവാലശല്യം പലപ്പോഴും തോണ്ടലുകളിലേയ്ക്കും കടന്നുപിടുത്തത്തിലേയ്ക്കും അതിരുകടക്കുന്നു. ഉന്നത വിദ്യാക്ഷേത്രങ്ങളിലെത്തിയാൽ അവിടെയും റാഗിങ്ങിന്റേയും ഇന്റേണൽ മാർക്കിന്റേയും പേരിലും സ്ത്രീശരീരം ചൂഷണം ചെയ്യപ്പെടുന്നു.

ഇതിനെയെല്ലാം അതിജീവിച്ച് അവർ ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ അവിടെയും പുരുഷസഹപ്രവർത്തകരുടേയും മേലധികാരികളുടേയും ശാരീരിക-മാനസിക-വൈകാരിക-പീഡനത്തിന് വിധേയരാകുന്ന അവസ്ഥ ഇന്നവൾക്കുണ്ട്. വലിയ കേടുകൂടാതെ അവിടെനിന്ന് രക്ഷപ്പെട്ട് വീട്ടിലെത്തുമ്പോൾ ഭർത്താവിന്റെയും മറ്റ് കുടുംബാംഗങ്ങളുടെയും കുത്തുവാക്കുകളും പരിഹാസങ്ങളും മറ്റൊരുവശത്ത്. ചിലപ്പോഴൊക്കെ ക്രൂരമായ ശാരീരിക അതിക്രമങ്ങളിലേയ്ക്കും അത് വഴിമാറുന്നു. എല്ലാറ്റിനേയും തരണംചെയ്ത് വാർദ്ധക്യമാകുമ്പോൾ മക്കളുടെ വക നന്ദികേടും. ക്രൂരതകളും, അവഗണനയും അനുഭവിക്കേണ്ടിവരുന്ന ദുരവസ്ഥ.. എന്തുകൊണ്ടാണിങ്ങനെ ജീവിതത്തിൽ എല്ലാഘട്ടത്തിലും അവൾ വേട്ടയാടപ്പെടുന്നത് ?

ഓർക്കുമ്പോൾ മനസിനെ കുത്തിനോവിക്കുന്ന ഒരു സംഭവം ഓർമ്മ വരുന്നു. മറുനാട്ടിൽ ഐ.ടി മേഖലയിൽ എൻജിനീയറായി ജോലി ചെയ്യുന്ന അച്ചനും കുടുംബനാഥയായ അമ്മയും ബി.എസ്.സി നേഴ്സിംഗ് പഠിക്കുന്ന മകളും പ്ലസ് ടുവിന് പഠിക്കുന്ന മകനും അടങ്ങിയ ചെറുകുടുംബം. ഈ കുടുംബം സാമൂഹിക -സാമ്പത്തിക- ആത്മീയ മേഖലകളിൽ എന്നും മുൻപന്തിയിൽ ആയിരുന്നു. പ്രത്യേകിച്ച് പെരുമാറ്റത്തിലും പഠനത്തിലും ആത്മീയ കാര്യത്തിലും സാമൂഹിക നേതൃത്വത്തിലുമെല്ലാം ഈ രണ്ട് കുട്ടികളായിരുന്നു അന്നാട്ടിലെ മിടുക്കർ. മറ്റുള്ളവർക്ക് മാതൃകയായിരുന്നു മകൻ.

നാട്ടിലെത്താൻ അവധി ലഭിക്കാത്തതിനാൽ പിതാവ് നാട്ടിലെത്തിയിട്ട് ഏകദേശം രണ്ട് വർഷങ്ങൾ കഴിഞ്ഞു. മൂത്തമകൾ നേഴ്സിംഗ് പ

**പിസാ ഗോപുരം പോലെയാണ് ഇന്ന് ദാമ്പത്യം; നമ്മുടെ നാട്ടിൽ ഇതു ചെരിഞ്ഞുകൊണ്ടിരിക്കുകയാണ്. കുടുംബജീവിതത്തിലെ വിള്ളലുകളും വിടവുകളും രൂക്ഷമായിക്കൊണ്ടിരിക്കുന്നു.**



റിക്കുന്നത് മംഗലാപുരത്താണ്.അമ്മയും മകനും തമ്മിലുള്ള യോജിപ്പും സ്നേഹബന്ധവും എല്ലാവരും അസൂയയോടെയാണ് കാണുക. അത്രയ്ക്ക് മാതൃകാപരമാണ് മകന്റെ പെരുമാറ്റ രീതികൾ. മകൻ എല്ലാ വീട്ടുജോലികളിലും അമ്മയെയേറെ സഹായിക്കും. അതും പോരാഞ്ഞിട്ട് ഉറങ്ങുന്നതിന് മുൻപ് മകൻ സ്നേഹപൂർവ്വം നിർബന്ധിച്ച ഒരു ഗ്ലാസ് പാല് കൂടി നൽകാറുണ്ട്. ഒപ്പം നന്നായി പഠിക്കും. ഏകദേശം ഒരു വർഷമായി ഈ പതിവ് തുടങ്ങിയിട്ട്.

അങ്ങനെയിരിക്കെ കഴിഞ്ഞ കുറേനാൾ മുമ്പ് അമ്മയ്ക്ക് കലശലായ ഉദരസംബന്ധമായ ചില അസ്വസ്ഥതകൾ തുടങ്ങി. അമ്മ ഡോക്ടറെ കണ്ടു. അവസാനം സ്കാനിംങിന് വിധേയയാക്കി. ഞെട്ടിപ്പിക്കുന്ന റിസൾട്ടാണ് സ്കാനിങിലൂടെ പുറത്തുവന്നത്. ആ അമ്മ ഇപ്പോൾ നാലര മാസം ഗർഭിണിയാണ്. ഇങ്ങനെ



സംഭവിക്കാൻ ഒരു സാധ്യതയും ഇല്ലായെന്ന് അമ്മ ആണയിട്ടു പറഞ്ഞു.

കൂർമ്മബുദ്ധിക്കാരിയായ ഒരു നേഴ്സ് ഇതിനുത്തരവാദിയെ കണ്ടുപിടിക്കുവാൻ സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ നൽകി സമാധാനിപ്പിച്ചു തിരികെ അയച്ചു.

മുതിർന്ന നേഴ്സ് പറഞ്ഞതനുസരിച്ച് അമ്മ അന്നു വൈകുന്നേരം പതിവായി മകൻ നൽകിയ പാൽ മുഴുവൻ കുടിച്ചുതീർക്കുന്നതായി അഭിനയിച്ചിട്ട് ഉറക്കം നടിച്ചു കിടന്നു. ശേഷം നടന്നത് ഇപ്രകാരമാണ്. ഏകദേശം 11.30 ഓടെ മകൻ പതുക്കെ കതക് തുറന്ന് അമ്മയുടെ അടുത്തെത്തി. പതിവായി നടത്തിക്കൊണ്ടിരുന്ന ലീലാവിലാസങ്ങൾ ആരംഭിക്കാൻ തുടങ്ങിയപ്പോൾ അമ്മ ചാടിയെഴുന്നേറ്റ് വാതിലിനു പുറത്തുകടന്ന് പുറത്തുനിന്ന് അടച്ചു.


ബന്ധുവും ഉറ്റ സുഹൃത്തുമായ തൊട്ടടുത്തുള്ള കൂട്ടുകാരിയെ ഉടൻ വിളിച്ചുവരുത്തി. സുഹൃത്തും വീട്ടമ്മയുമായുള്ള സംഭാഷണത്തിനൊടുവിൽ അവൻ എല്ലാം തുറന്നു സമ്മതിച്ചു. പാലിൽ തുടർച്ചയായി മയക്കുമരുന്ന് നൽകിയതും പിന്നീട് കാണാൻ ദൃശ്യങ്ങൾ ഫോണിൽ പകർത്തിയതുൾപ്പെടെ എല്ലാ വിവരങ്ങളും അവൻ സമ്മതിച്ചു.

ഇന്ന് ആ ഉത്തമ കുടുംബിനി ഒരു ആൺകുട്ടിക്ക് ജന്മം നൽകി വീട്ടിൽ കഴിയുന്നു. മകന്റെ കുട്ടിയെന്നോ ഭർത്താവിന്റെ കുട്ടിയെന്നോ മകന്റെ അച്ചന്റെ കുട്ടിയെന്നോ എന്തുപറയാൻ....? ആരോട് പരാതി പറയാൻ ...? കുടുംബത്തിന്റെ ഒരു കാര്യത്തിലും വീഴ്ച വരുത്താത്ത പിതാവിനെ കുറ്റം പറയുവാൻ പറ്റുമോ..? നൊന്തുപെറ്റ മകനെ കുറ്റം പറയാൻ പറ്റുമോ..?

ഏതു പ്രായത്തിലുള്ള സ്ത്രീയെകണ്ടാലും അവളെ ഭോഗതൃഷ്ണയോടെ നോക്കുന്ന കണ്ണുകളാണ് സംസ്കാരസമ്പന്നർ എന്നഭിമാനിക്കുന്ന നമ്മുടെ അഭ്യസ്തവിദ്യർക്ക് ഇന്നുള്ളത്.

എന്റെ മനസ്സിലെ.... എന്റെ സങ്കൽപ്പത്തിലെ .... എന്റെ സ്വപ്നത്തിലെ ഭൂപടത്തെ ഞാൻ മാറ്റേണ്ടിയിരിക്കുന്നു. കൂടുമ്പോൾ ഏറെ സന്തോഷമുള്ള, ദാനത്തിന്റെ, കൊടുക്കലിന്റെ, പഴമയുടെ കുടുംബപശ്ചാത്തലത്തിലേയ്ക്ക് ഞാൻ തിരികെയെത്തേണ്ടിയിരിക്കുന്നു.

ഫാ. ജോസഫ് മരുതോലിൽ





# നിർധനരാക്കുന്ന ത്യാഗം

നഗരത്തെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് വാഹനങ്ങൾക്കിടയിലൂടെ ചീറിപ്പാഞ്ഞു വന്ന ആ ബുള്ളറ്റായിരുന്നു വീട്ടിലേയ്ക്ക് കയറുമ്പോഴും മനുവിന്റെ മനസ്സു നിറയെ. മരുന്ന് വാങ്ങുവാൻ പണമില്ലായെന്നു പറഞ്ഞ് വിതുമ്പുന്ന അമ്മയുടെ വാക്കുകളൊന്നും അവന്റെ കർണപുടത്തിൽ പതിച്ചില്ല. അവന്റെ മനസ്സിലും കാതിലും നിറയെ ഹരംകൊള്ളിച്ച ആ ശബ്ദം മാത്രം.... തോളിൽ തട്ടിയുള്ള അച്ഛന്റെ വിളിയാണ് അവനെ ദിവാസ്വപ്നത്തിൽനിന്ന് ഉണർത്തിയത്. കോളേജ് ഫീസ് അടയ്ക്കേണ്ട അവസാന തീയതിയായിട്ടും അവൻ അന്ന് ചോദിച്ചത് ഇങ്ങനെ: എനിക്ക് ബൈക്ക് വാങ്ങിത്തരുമോ? ഉത്തരം മുട്ടുന്ന ചോദ്യത്തിനു മുമ്പിൽ അമ്മയുടെ മിഴികൾ ഈറനണിഞ്ഞത് അവനെ ഇളക്കിയില്ല. ദിവസങ്ങൾ കഴിയുന്തോറും അവന്റെ പിടിവാശി കൂടിവന്നു. മൗനത്തിന്റെ ഇരുണ്ടവഴികളായിരുന്നു അവന്റെ പ്രതിഷേധായുധം. സ്വന്തമായി ഒരു വീടെന്ന സ്വപ്നത്തെ മാറ്റിവച്ച് ആ മാതാപിതാക്കൾ മകന്റെ ദുർവാശിക്ക് വഴങ്ങി. ആദ്യദിവസങ്ങളിലെ സൂക്ഷ്മതയൊക്കെ കാറ്റിൽ പറത്തി അവൻ ഒരിക്കൽ ബുള്ളറ്റിൽ നിന്നു തെറിച്ച് വീണത് ടിപ്പറിന്റെ അടിയിലേയ്ക്കായിരുന്നു. കൂലിപണികഴിഞ്ഞ് ചുമച്ച് ചുമച്ച് കിതച്ചുവന്ന് തളർന്നു കിടക്കുന്ന തന്നെ ശുശ്രൂ

ഷിക്കുന്ന അമ്മയെ നോക്കുവാൻ പോലുമാകാതെ ചോർന്നൊലിക്കുന്ന വീടിന്റെ മേൽക്കൂരയിലേയ്ക്ക് നോക്കി അവൻ തന്റെ ജീവിതകഥ വായിച്ചെടുത്തു.

ഈ യുഗത്തിന്റെ എല്ലാ ചേരുവകളും മേൽപ്പറഞ്ഞ കഥയ്ക്കുണ്ട്. എന്നാൽ വരികൾക്കിടയിലൂടെ വായിച്ചാൽ നൊമ്പരപ്പെടുത്തുന്ന ചില ചിന്തകളും ഉണ്ട്. ആഗ്രഹങ്ങൾക്ക് അതിർവരമ്പുകളില്ലാത്ത, സ്വപ്നങ്ങളെ അനന്തവിഹായസ്സിനോളം വിശാലമാക്കുന്ന യുവ തലമുറയുടെ ലോകം. അതിനിടയിൽ ചില നിർധനരുടെ ത്യാഗങ്ങൾ വിലമതിക്കപ്പെടാതെ പോകുന്നു എന്നതാണ് ഖേദകരമായ വസ്തുത. ദൈവപിതാവിന്റെ ത്യാഗഫലമാണ് പുത്രനായ ഈശോയുടെ പിറവി. തന്റെ ഏകജാതനേപ്പോലും നൽകിയ ദൈവവും ഇവിടെ നിർധനനാവുകയാണ്. ദൈവത്തെ നിർധനനെന്നുപമിച്ച് ദൈവദൂഷണം പറയുകയല്ല. പക്ഷെ ആ ത്യാഗത്തിന്റെ മുമ്പിൽ സ്വയം നിർധനനായി തീരുന്ന ദൈവത്തെ തിരിച്ചറിയാൻ കഴിയാതെ പോകുന്നതാണ് കഥയുടെ ദുരന്തം.

ഉല്പ്പത്തിയുടെ പുസ്തകം 22-ാം അദ്ധ്യായത്തിൽ പൂർവ്വപിതാവായ അബ്രാഹം നിർധനനായി തീരുന്ന ഒരു രംഗമുണ്ട്. സർവ്വ സമൃദ്ധിയുടെ മദ്ധ്യേ തന്റെ എല്ലാമെല്ലാമായ പ്രിയപുത്രനെ ബലിയർപ്പിക്കാൻ പിതാവായ ദൈവം ആവശ്യപ്പെടുമ്പോൾ നിർധനനായി തീരുന്ന ഒരു പിതാവിന്റെ ദുഃഖകരമായ അവസ്ഥ. അവനു ബലിയർപ്പിക്കാൻ ആവശ്യത്തിലധികം ആടുമാടുകളും ധാന്യക്കതിരുകളുമുണ്ട്. മരിക്കാനും കൊല്ലാനും തയ്യാറായി ഒരു വലിയ വൃന്ദം കൂടെയുണ്ട്. പക്ഷെ ഈ സമൃദ്ധിയുടെയും മദ്ധ്യേ ദൈവം ആവശ്യപ്പെടുന്നത് സാറായിലുണ്ടായ അവന്റെ ഏറ്റവും പ്രിയപ്പെട്ട ഏകജാതനെയാണ്. എല്ലാമുള്ളപ്പോഴും ഒന്നും ഇല്ലാത്തവനായി തീരുന്ന നിസ്സഹായവസ്ഥ. നൂറ്റാണ്ടുകൾക്കു ശേഷം തന്നിലൂടെ നിറവേറേണ്ട അതികഠിനമായ ഈ അവസ്ഥയാണ് എന്ന് പിതാവായ ദൈവം അബ്രാഹത്തിലൂടെ ലോകത്തിന് മനസിലാക്കികൊടുക്കുകയായിരുന്നു. ഈ ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവ് ആയിരുന്നിട്ടും ഏകജാതനെ ബലികൊടുക്കേണ്ടി വന്ന നിർധനനായ ദൈവം എന്നാൽ ലോകത്തിന്റെ രക്ഷ എന്ന വലിയ സ്വപ്നവും സാക്ഷാത്കരിച്ചു. ദുരന്തം അവിടംകൊണ്ട് അവസാനിക്കുന്നില്ല. മനുവിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുമ്പോഴും അത് ശ്രദ്ധയോടെ കൈകാര്യം ചെയ്യാനുള്ള വിവേകം നഷ്ടപ്പെട്ടതുകൊണ്ട് സ്വപ്നങ്ങളെ തച്ചുടയ്ക്കുകയാണ് അവൻ. അവൻ അറിയുന്നില്ല അവനു ലഭിച്ച ദാനത്തിന്റെ വില. ഒരു തരം രോഷം, പുത്തൻ മലയാളത്തിൽ പറഞ്ഞാൽ 'കലിപ്പ്' ആണ് അവന് ഈ ലോകത്തോടും, കിട്ടിയ അനുഗ്രഹങ്ങളോടും.. എറിഞ്ഞുടയ്ക്കുകയാണ്.. മഹത്വം തിരിച്ചറിയാതെ ജീവിതത്തിന്റെ ലക്ഷ്യം തന്നെ വിസ്മരിക്കുകയാണ്.

ഈ ജീവിതം വലിയൊരു ദാനമാണെന്നും അഹങ്കരിക്കാൻ ഒന്നുമില്ലെന്നും വിസ്മരിക്കുകയാണ് (1കൊറി. 4: 7). തിരിച്ചെടുക്കാൻ ഒരു നിമിഷത്തിലധികം വേണ്ട എന്തു സൗഭാഗ്യമാണ് നമ്മുടെ ജീവിതത്തിലുള്ളത്. ആയുസ്സോ, ആരോഗ്യമോ, ബന്ധുബലമോ, കഴിവോ, സമ്പത്തോ? ഒന്നുമില്ല. മനുവിനെപ്പോലെ നിസ്സഹായനും ദുർബലനുമാണ് നമ്മൾ ഓരോരുത്തരും. ഒരു നിമിഷം മതി സ്വപ്നതുല്യമെന്നു കരുതുന്ന ഏതു ഗോപുരവും നിലംപതിക്കാൻ. ബാബേൽ ഗോപുരംപോലെ...

മിശിഹായുടെ ജനനം ഒത്തിരിയേറെ ത്യാഗത്തിന്റെ അനന്തരഫലമാണ്. അത് പിതാവായ ദൈവത്തിന്റെ മാത്രമല്ല, ഭൗതികമായ ഈ ലോകത്തിൽ അവനെ ഭരമേല്പിച്ച പ്രിയപ്പെട്ട മാതാപിതാക്കളുടെ അതിലുപരി ഒരു മുപ്പത്തിമൂന്നുകാരൻ യുവാവിന്റെ വലിയ ത്യാഗത്തിന്റെ ദാനം.

ബനഡിക്ട് പതിനാറാമൻ പാപ്പ തന്റെ 'നസ്രത്തിലെ ഈശോ' എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞു വയ്ക്കുന്നുണ്ട്. രക്ഷകന് ജനിക്കാൻ ഏറ്റവും അനുയോജ്യമായ കാലഘട്ടത്തിലാണ് ഈശോ ജനിച്ചതെന്ന്. ലോകം മുഴുവൻ ഗ്രീക്ക് ആധിപത്യത്തിന്റെ കീഴിൽ... എല്ലാവരും ഗ്രീക്ക് മനസ്സിലാക്കുന്ന ഒരു കാലഘട്ടം, ലോകത്തിലെ എക്കാലത്തെയും ബുദ്ധി കേന്ദ്രമായ യഹൂദജനം ഒരു വിമോചകനെ പ്രതീക്ഷിച്ചിരുന്ന കാലം... ലോകത്തിന്റെ തന്നെ അധിപതിയായി വിരാജിക്കുവാൻ സാധിക്കുമായിരുന്ന ഈശോയാണ് നമുക്കുവേണ്ടി, നമ്മുടെ സ്വപ്നങ്ങൾക്കുവേണ്ടി കുരിശിൽ മരിക്കുന്നത്. ഒരു ചെറിയ തീരുമാനം മതിയായിരുന്നു അവന് ഈ സൗഭാഗ്യങ്ങളൊക്കെ സ്വന്തമാക്കാൻ. അതിനാലാണല്ലോ പ്രലോഭകൻ അവനെ സമീപിക്കുന്നതും പരീക്ഷിക്കു

ന്നതും. 'എന്നെ ആരാധിച്ചാൽ ഈ ലോകത്തിന്റെ മുഴുവൻ അധിപതിയാക്കാം' എന്ന് (മത്താ. 4:9). അതുകൊണ്ട് തന്നെയാണ് പിന്മാറി ദൈവസാന്നിദ്ധ്യത്തിന്റെ മലമുകളിൽ അഭയം പ്രാപിച്ചതും (യോഹ.6:15).

ഇത്തരം മഹത്തരമായ, ത്യാഗ നിർഭരമായ ഒരു ദാനത്തിന്റെ ഉപ ഭോക്താക്കളാണ് നമ്മൾ ഓരോ രുത്തരും. പക്ഷെ ഇത് സൗകര്യ പൂർവ്വം വിസ്മരിക്കാനാണ് നാം ശ്രമിക്കുന്നത്. ഈശോമിശിഹാ യുടെ ജനനതിരുനാളിനായി ഒരു ങ്ങുമ്പോൾ ഈ ത്യാഗവിസ്മയം ഒന്ന് ഓർക്കാൻ പരിശ്രമിക്കാം. ഇന്ന് രക്ഷകന്റെ ജനനം കാലി ത്തൊഴുത്തിലല്ല, നമ്മുടെ ഹൃദ യകോവിലുകളിലാണ് സംഭവി ക്കേണ്ടത്. ഇനിയൊരിക്കലും ദൈവത്തിന്റെ വിളിക്കുമുമ്പിൽ വാതിൽ കൊട്ടിയടച്ച് ദൈവാ നുഗ്രഹം നഷ്ടപ്പെടുത്താതിരി ക്കാം. പുതുവർഷത്തിൽ പുത്തൻ തീരുമാനങ്ങളും പുത്തൻ സ്വപ്ന ങ്ങളും മെനയുമ്പോൾ വലിയൊരു സ്വപ്നം നമുക്കായി ത്യജിച്ച പുത്രനായ മിശിഹായെയും അ തിനായി ത്യാഗം സഹിച്ച പിതാ വായ ദൈവത്തെയും മറക്കാതി രിക്കാം. പരിശുദ്ധാത്മാവ് നമ്മെ ഐക്യത്തിൽ സംരക്ഷിക്കട്ടെ.



## ഉപകാരസ്മരണ


ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ കൈയ്യിലുണ്ടായിരുന്ന 24 അരി മ്പാറ മാറി. ദൈവദാസൻ വഴി ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

ജിൽറ്റ് ജോസഫ്, കളപ്പുരയ്ക്കൽ
അത്തിക്കയം, റാന്നി



സി. ജെയിൻ മരിയ എസ്.സി.ജെ.ജി.

# ഞാൻ അനുഭവിച്ചറിഞ്ഞ വല്യച്ചൻ



ഹൈറേഞ്ചിന്റെ ചരിത്രത്താളിൽ തങ്കലിപിയാൽ വിരചിതമായ നാമമാണ് ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റേത്. ഇന്നും അ ദ്ദേഹത്തിന്റെ ഖ്യാതി ലോകമെങ്ങുമുള്ള മ നുഷ്യസ്നേഹികളിലേയ്ക്ക് എത്തികൊണ്ടിരിക്കുന്നു. ആ മഹാത്മാവിനെ അടുത്തറിയാനുള്ള അവസരം എളിയ ജീവിതത്തിൽ എനിക്കും ലഭിച്ചു. അദ്ദേഹത്തിന്റെ അവിസ്മരണീയ സ്മരണ ഇന്നും സമർപ്പിത ജീവിതത്തിൽ എനിക്ക് പ്രചോദനവും ശക്തിയും നൽകുന്നുണ്ടെന്ന് ഞാൻ തിരിച്ചറിയുന്നു. 1969-ലാണ് ഞാൻ വല്യച്ചനെ ആദ്യമായി കാണുന്നത്. സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ അടുത്തായിരുന്നു ഞങ്ങളുടെ വീട്. എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചിരുന്നത് ബ്രദേഴ്സിന്റെ ചാപ്പലിലായിരുന്നു. ഇപ്പോഴത്തെ നേഴ്സിംഗ് സ്കൂളിന്റെ സ്ഥാനത്തായിരുന്നു പഴയ ചാപ്പൽ. സ്കൂളിൽ പോകുന്നത് ആശുപത്രി കെട്ടിടത്തിന്റെ മുൻവശത്തുകൂടിയായിരുന്നതിനാൽ കുട്ടിക്കാലം മുതലേ എനിക്ക് വല്യച്ചനെ പലപ്പോഴും കാണാൻ അവസരം ലഭിച്ചിരുന്നു.

1969 നവംബർ 19-ാം തീയതി ഔദ്യോഗികമായി കട്ടപ്പനയിൽ എത്തിച്ചേർന്ന വല്യച്ചന്

സെന്റ് ജോർജ്ജ് സ്കൂൾ ഗ്രൗണ്ടിൽ വലിയ സ്വീകരണം നൽകി. അദ്ദേഹത്തിന് ഇംഗ്ലീഷ് അറിയാമായിരുന്നതിനാൽ ഞങ്ങൾ 6 പേർ അടങ്ങുന്ന കൊച്ചുകുട്ടികളുടെ വെൽക്കം ഡാൻസിന്റെ പാട്ട് ഇംഗ്ലീഷിൽ ആയിരുന്നു.

വല്യച്ചന് കുട്ടികളെ വലിയ ഇഷ്ടമായിരുന്നു. ഇടയ്ക്കൊക്കെ വീട്ടിൽ സന്ദർശകനായിരുന്ന അദ്ദേഹത്തിന്റെ കരം പിടിച്ച് ഞാൻ നടന്നിട്ടുണ്ട്. കരിക്കിൻ വെള്ളവും പാലുമൊക്കെ അദ്ദേഹം സന്തോഷത്തോടെ സ്വീകരിക്കുകയും കൊന്തയും ചെറിയ മെഡലുകളും ഞങ്ങൾക്ക് സമ്മാനമായി നൽകുകയും ചെയ്തിരുന്നു. ജർമ്മനിയിൽനിന്നുള്ള അതിഥികളുമായി വല്യച്ചൻ വീട്ടിൽ വന്നിട്ടുണ്ട്.

1979 ഡിസംബർ 3-ാം തീയതി എന്റെ കുടുംബം ശാന്തിഗ്രാം എന്ന സ്ഥലത്തേക്ക് താമസം മാറുകയും ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ഞങ്ങളുടെ ഭൂമി വാങ്ങിക്കുകയും ചെയ്തു. എസ്.എസ്.എൽ.സി. ജയിച്ചതിനുശേഷം 1983 ജൂലൈ 20 ന് കട്ടപ്പനയിൽ 'സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്' എന്ന സന്ന്യാസിനീസമൂഹത്തിൽ അംഗമായി ചേർന്നു. വല്യച്ചന്റെ പാവങ്ങളോടുള്ള കരുതലും ലളിത ജീവിതവും സഹോദരങ്ങളോടുള്ള സ്നേഹവും പ്രാർത്ഥനാ ജീവിതവുമെല്ലാം എന്നെ ഏറെ ആകർഷിച്ചിരുന്നു. പരിശീലന കാലഘട്ടം മുതൽ വല്യച്ചനോടൊപ്പം കട്ടപ്പന പ്രതീക്ഷാഭവനിൽ ജോലിചെയ്യുവാൻ അവസരം ലഭിച്ചു. 1987-ൽ കട്ടപ്പന പള്ളിയിൽ വച്ച് നടന്ന എന്റെ പ്രഥമ വ്രതവാഗ്ദാനത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എന്റെ ഓർമ്മയിലുണ്ട്.

ഞാൻ ജർമ്മനിയിൽ Geriatric nursing പഠനം പൂർത്തിയാക്കി Frankfurt-ലുള്ള ബ്രദേഴ്സിന്റെ ആശുപത്രിയിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് 1995-96-ൽ വല്യച്ചൻ ജർമ്മനിയിൽ എത്തിയത്. ബ്രദർ ജോസ് മാത്യു ആയിരുന്നു കൂടെയുണ്ടായിരുന്നത്. അവിടെ വെച്ച് ആരോഗ്യനില മോശമായതിനേത്തുടർന്ന് വല്യച്ചനെ ആശുപത്രിയിലെത്തിച്ചു. ഞാൻ ജോലിചെയ്തുകൊണ്ടിരുന്ന വാർഡിലാണ് വല്യച്ചൻ അഡ്മിറ്റായത്. അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ ശുശ്രൂഷിക്കാൻ ലഭിച്ച അവസരം വേറിട്ടൊരനുഭവമായിരുന്നു. വല്യച്ചന്റെ മനസ്സുനിറയെ കട്ടപ്പന ആയിരുന്നു. (Ich will nach Hause) 'എനിക്ക് നാട്ടിലേക്ക് തിരിച്ചുപോകണ'മെന്ന് അദ്ദേഹം കൂടെകൂടെ പറയുമായിരുന്നു. ആശുപത്രിയിൽ ആയിരുന്നപ്പോൾ കഞ്ഞിയും പച്ചമാങ്ങാചമ്മന്തിയും വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സന്തോഷപൂർവ്വം അവ തയ്യാറാക്കി നല്കുവാൻ എനിക്ക് സാധിച്ചു.

ജർമ്മനിയിൽ നിന്നും കട്ടപ്പനയ്ക്കു വന്ന വഴി 10 ദിവസം ഞങ്ങൾ ചെന്നൈയിൽ താമസിച്ചു. അപ്പോഴേക്കും വല്യച്ചന്റെ ആരോഗ്യനില വീണ്ടും വഷളായി. ഉടനെതന്നെ അവിടെയുള്ള സെന്റ് തോമസ് ആശുപത്രിയിൽ അഡ്മിറ്റാക്കി. ബ്രദേഴ്സിന്റെ ഭവനത്തിൽ നിന്ന് ആശുപത്രി വരെയുള്ള യാത്രയിൽ മുഴുവൻ ഛർദ്ദിയായിരുന്നു. Reise Krankheit (യാത്രചെയ്യുമ്പോൾ ഉണ്ടാകുന്ന ചൊരുക്ക്) ഉണ്ടായിരുന്നതുമൂലം യാത്രാവേളകളിൽ അദ്ദേഹം മരുന്ന് എപ്പോഴും കൂടെക്കരുതിയിരുന്നു. ബ്രദർ വിൻസെന്റും ഞാനുംകൂടിയാണ് ആശുപത്രിയിൽ കൊണ്ടുപോയത്. മൂന്ന് ദിവസത്തെ ആശുപത്രിവാസത്തിനുശേഷം ഞങ്ങൾ കട്ടപ്പനയ്ക്കുപോന്നു.

വാർദ്ധക്യ ശാരീരികബലക്ഷയത്തിന് ഒരിക്കലും അദ്ദേഹത്തിന്റെ മനസ്സിനെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. പ്രതീക്ഷാഭവനിലും ജനറലേറ്റിലും അദ്ദേഹം മിക്കപ്പോഴും വന്നിരുന്നു. പിന്നീട് വല്യച്ചനെ ബ്രദേഴ്സ് ഹൗസിൽ ചെന്നു കാണുമായിരുന്നു. ഇവിടെയായിരുന്ന





പ്പോഴും കത്തുകളൊക്കെ ജർമ്മൻ ഭാഷയിൽ എഴുതിയിരുന്നു. അതിൽ അഡ്രസ്സ് എഴുതുവാൻ പലപ്പോഴും തന്നിട്ടുണ്ട്. വൈകുന്നേരത്തെ ഭക്ഷണത്തിനു മുൻപ് ജർമ്മൻ കൊന്തചൊല്ലുകയും ബൈബിളിൽ നിന്ന് ഒരു ഭാഗം വായിച്ചു കേൾപ്പിക്കുകയും ചെയ്തിരുന്നു. കൊന്ത ചൊല്ലുമ്പോൾ പ്രത്യുത്തരം വളരെ സ്ഫുടമായും നിർത്തിയും വല്യച്ചൻ ചൊല്ലിയിരുന്നു. അല്പം അസ്വസ്ഥത അനുഭവപ്പെട്ടപ്പോൾ 'ദൈവമേ, എന്നെ സഹായിക്കണമേ'എന്ന് പ്രാർത്ഥിച്ചിരുന്നു. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് വളരെ അസ്വസ്ഥനും അവശനുമായിരുന്നു. ഞങ്ങൾ അന്ന് രാത്രിയിൽ അദ്ദേഹത്തോടൊപ്പം ആയിരുന്നു. ആരോഗ്യനില തീർത്തും മോശമായപ്പോൾ അദ്ദേഹത്തിന്റെ സമ്മതത്തോടെതന്നെ സെന്റ് ജോൺസ് ഹോസ്പിറ്റൽ ചാപ്ളെയിൻ Rev. Fr.Peter Thomas CMI രോഗീലേപനം നൽകി. ബ്രദേഴ്സിന്റെ പ്രൊവിൻഷ്യൽ Rev. Bro. Bendict ഉൾപ്പെടെ എല്ലാ ബ്രദേഴ്സും സിസ്റ്റേഴ്സും പ്രതീക്ഷാഭവൻ നിവാസികളും സന്നിഹിതരായിരുന്നു. രോഗീലേപനം സ്വീകരിച്ച് ആറുദിവസങ്ങൾക്കു ശേഷം, 2005 നവംബർ 21-ാം തീയതി ഉച്ചയ്ക്ക് ആ പാവനാത്മാവ് നിത്യസമ്മാനത്തിനായി പിതാവായ ദൈവത്തിന്റെ മഹത്വത്തിലേയ്ക്ക് വിടവാങ്ങി.

മനുഷ്യനെന്ന പദത്തിന്റെ എല്ലാ അർത്ഥതലങ്ങളും ഉൾച്ചേർന്ന് പുണ്യജീവിതത്തിന്റെ സിംഹഭാഗവും ഹൈറേഞ്ചിലെ കുടിയേറ്റ ജനതയ്ക്ക് ദാനമായി നൽകിയ ബ്രദർ ഫോർത്തുനാത്തൂസിനെ 2014 നവംബർ 21-ന് തിരുസഭ ദൈവദാസനായി ഉയർത്തി. കാലചക്രത്തിന്റെ ആരക്കാലുകൾ കറങ്ങിത്തിരിയുമ്പോഴും സാന്നിദ്ധ്യത്തിന് തേയ്മാനം സംഭവിക്കാത്ത ചില മനുഷ്യജന്മങ്ങൾ ഭൂമിയിലുണ്ട്. അവരിൽ മുൻനിരയിൽ തന്നെ ദൈവദാസന്റെ നാമവും സ്ഥാനമുറപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ വി. യോഹന്നാന്റെ സമൂഹത്തിൽ ഒരു ധന്യാത്മാവ് കൂടി ഉണ്ടായിരിക്കുന്നു. അഗതികളെയും പാവങ്ങളെയും സ്നേഹിക്കുകയും മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ എപ്പോഴും പരിശ്രമിക്കുകയും ചെയ്ത നമ്മുടെ വല്യച്ചന്റെ മാതൃക തികച്ചും അനുകരണീയം തന്നെ. ഇനി വല്യച്ചൻ സ്വർഗ്ഗീയാനുഗ്രഹങ്ങൾ വർഷിക്കുമെന്നത് തീർച്ചയാണ്. ദൈവദാസന്റെ അരികിലിരിക്കുവാനും അദ്ദേഹത്തെ ശുശ്രൂഷിക്കുവാനും ലഭിച്ച അവസരം നിസ്സാരമായ എന്റെ ഈ ജീവിതത്തിന് അനിർവചനീയഭാഗ്യം സംലഭ്യമാക്കിയെന്ന ചാരിതാർത്ഥ്യത്തോടെ, സ്നേഹനിധിയായ വല്യച്ചാ അങ്ങേയ്ക്കു ഞങ്ങളുടെ സ്നേഹപ്രണാമം.



ഡോ. സാബു തോമസ്, *അസിസ്റ്റന്റ് പ്രൊഫസർ*
*ഗവ.ബ്രണ്ണൻ കോളേജ് തലശ്ശേരി*

# സ്വർഗ്ഗം നിർമ്മിക്കുന്നവർ

നിലാവിന് മീതെ മഞ്ഞിൻതുള്ളികൾ ചിത്രം രചിക്കുന്ന തണുത്ത രാവിൽ മലമുകളിലെ ആശ്രമത്തിൽ തനിച്ചുറങ്ങുകയായിരുന്നു സന്യാസി. ഉറക്കത്തിന്റെ ഒരു നേർത്ത ഇടവേളയിൽ തന്റെ മുറിയിൽ കടന്നുകയറിയ അപരിചിതനെ പാതിയടഞ്ഞ കണ്ണിലൂടെ സന്യാസി കണ്ടു. മുറിയിലുള്ള വിലപിടിപ്പുള്ളതെല്ലാം വാരിക്കൂട്ടി പുറത്തിറങ്ങാൻ തുടങ്ങുകയായിരുന്നു അയാൾ. ഉറക്കത്തെ പാതിവഴിയിലുപേക്ഷിച്ച് സന്യാസി അപരിചിതനെ തിരിച്ചുവിളിച്ചു. 'സഹോദരാ, പുറത്ത് നല്ല തണുപ്പാണ്. ഈ പുതപ്പുകൂടി കൊണ്ടുപൊയ്ക്കോളൂ'. അത്ഭുതസ്തംബദ്ധനായ കള്ളൻ സന്യാസി നീട്ടിയ പുതപ്പ് വാരി പുതച്ച് മലയിറങ്ങി. അപ്പോൾ സന്യാസി ആത്മഗതം ചെയ്തു:

'ദൈവമേ, ആകാശത്തിലെ ആ തിളങ്ങുന്ന ചന്ദ്രനെക്കൂടി അയാൾക്ക് നല്കാൻ കഴിഞ്ഞിരുന്നെങ്കിൽ..' വാങ്ങലുകൾക്ക് മൂല്യം കൂടുന്ന ഇക്കാലത്ത് നൽകലിനെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസിന്റെ വാതായനം തുറന്ന് വരുന്ന ഒരു കുഞ്ഞു കഥയാണിത്. കൊടുക്കുന്നവനിൽ നിന്ന് ആർക്കും ഒന്നും കവരാനാവില്ലെന്ന സത്യം നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു കഥ.



നല്കാൻ കഴിയുന്നവന്റെ മനസ് എന്നും സന്തോഷത്തിന്റെ കലവറയായിരിക്കുമെന്ന് പറഞ്ഞുതരുന്ന ഉപമ.

ജീവിതമെന്നത് കൊടുക്കൽ വാങ്ങലുകളുടെ ആകെ തുകയാണ്. കൊടുക്കുന്നതിലേറെ വാങ്ങിക്കൂട്ടുന്നവനാണ് ഇവിടെ വിജയിക്കുന്നത്. കിട്ടാനുള്ളതിന്റെ കണക്കുപുസ്തകം തലയിണക്കീഴിൽ വച്ചുറങ്ങുന്നതിന്റെ സുഖത്തെക്കുറിച്ചാണ് ജീവിതവിജയത്തിന്റെ പുതിയ ആചാര്യന്മാർ പഠിപ്പിക്കുന്നത്. എന്നാൽ കൊടുക്കുന്നതാകട്ടെ ഒന്നിന് പത്തായി, പത്തിന് നൂറായി, നൂറിന് ആയിരമായി തിരിച്ചുകിട്ടാൻ മാത്രമാണ്. ചാരിറ്റി എന്ന പേരിൽ കോടികൾ വാരി എറിയുന്ന കോർപറേറ്റ് ഭീമന്മാർ പോലും ആ പണം നിർമ്മിക്കുന്ന സത്‌പേരിലൂടെ മുതലിന്റെ നൂറിരട്ടി തിരിച്ചുപിടിക്കുന്നു. ഒപ്പം തിരിച്ചുകിട്ടാൻ മാത്രമായി കൊടുക്കുന്നവരായി നമ്മൾ മാറുന്നു. സ്നേഹം, കരുണ, ത്യാഗം, നന്മ- എല്ലാം തിരിച്ചുകിട്ടേണ്ട വിപണിമൂല്യങ്ങളായി തീരുന്നു. ദൈവികകാര്യങ്ങളിൽ പോലും ഈ കൊടുക്കൽ-വാങ്ങലുണ്ട്. എന്നെ സ്നേഹിക്കാത്ത ദൈവം, എന്റെ രോഗം ഭേദമാക്കാത്ത ദൈവം, എനിക്ക് പണം നല്കാത്ത ദൈവം- ആ ദൈവത്തെ ഞാൻ നിരസിക്കുന്നു. എല്ലാം തരുന്ന ഒരു ദൈവത്തെ മാത്രം മതി എനിക്ക്.



ഇവിടെയാണ് നൽകലിന്റെ പ്രസക്തി. നൽകൽ ശീലിക്കുമ്പോഴാണ് ജീവിതം സന്തോഷകരമാവുന്നത്. നല്കൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ തൃപ്തരാക്കിയ ഈശോയുടെ അത്ഭുതത്തിന് ഒരു വ്യാഖ്യാനമുണ്ട്. അഞ്ചപ്പം അയ്യായിരമായത് പങ്കുവയ്ക്കലിലൂടെയാണെന്ന് വ്യാഖ്യാനം. സ്വന്തം കൈയ്യിലുള്ള അഞ്ചപ്പവും രണ്ടുമീനും മറ്റുള്ളവർക്കായി നൽകാൻ കൊടുത്ത ബാലനാണ് അവിടെ ആദ്യ അത്ഭുതം സൃഷ്ടിച്ചത്.

ഇങ്ങനെ മറ്റുള്ളവർക്കായി ജീവിതം മാറ്റിവയ്ക്കുമ്പോൾ, കിട്ടുന്നതൊക്കെയും പങ്കുവച്ച് നല്കുമ്പോൾ ഓരോ ജീവിതവും മഹാത്ഭുതങ്ങൾക്ക് കാരണമാകുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിച്ചവരാണ് മഹാത്മാക്കൾ. അതിലൂടെ അവർ ലോകത്തെ തന്നെ മാറ്റിമറിച്ചു. എനിക്ക്, അനുദിനജീവിതത്തിന്റെ വ്യവഹാരങ്ങളിൽ മുങ്ങിത്താഴുന്ന ഈ നിസ്വന്, എന്താണ് നല്കാനുള്ളത് എന്നതാണ് പ്രധാന ചോദ്യം. ഓരോ പുൽനാമ്പിലും ഓരോ മഞ്ഞുതുള്ളിയിലും പുഞ്ചിരി പ്രതിഫലിക്കുന്ന ലോകത്തെക്കുറിച്ച് ഖലീൽ ജിബ്രാൻ എഴുതിയിട്ടുണ്ട്. അതെ, ഒരു ചെറുപുഞ്ചിരി, കരുണാർദ്രമായ ഒരു നോട്ടം, സ്നേഹത്തിന്റെ ഒരു വാക്ക് ഇതൊക്കെ എല്ലാവർക്കും നൽകാനാകും. അതുമതി ലോകം സുന്ദരമാകാൻ. മറ്റുള്ളവരോടൊത്ത് ചിന്തിക്കാനും അവന്റെ വേദന ദർശിക്കുവാനും കഴിയുന്ന വ്യക്തി അപരന് വേണ്ടി നിർമ്മിച്ചു നല്കുന്നത് ഒരു വലിയ ലോകമാണ്. ഇതാണ് നൽകലിന്റെ സൗന്ദര്യശാസ്ത്രം.

ദൈവത്തെ വിശ്വസിക്കുന്ന ഒരാൾക്ക് വാങ്ങലുകളിൽ, നൽകലുകളേയുള്ളു.. നൽകൽ ഒരു പ്രാർത്ഥനയാണ്. നന്മകൾക്ക് വേണ്ടി സ്വയം വിട്ടുകൊടുക്കുന്നവരുടെ ലോകം സമാധാനത്തിന്റെ ലോകമാണ്. അത് നിർമ്മിക്കലാണ് നമ്മുടെ സുവിശേഷപ്രഘോഷണം.



ഡോ.പ്രവീൺ.പി, *ജനറൽ ആന്റ് ലാപ്രോസ്കോപ്പിക്ക്, സർജൻ ആന്റ് എൻഡോസ്കോപ്പിസ്റ്റ്, സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന*

# വേരിക്കോസ് വെയ്ൻ

തൊലിക്കടിയിൽ വളഞ്ഞു പുളഞ്ഞു കിടക്കുന്ന 3 മില്ലിമീറ്ററിൽ കൂടുതൽ നീളമുള്ള ഞരമ്പുകളെയാണ് വേരിക്കോസ് വെയ്ൻ എന്നു പറയുന്നത്. ഇത് 25–30% സ്ത്രീകളിലും 15% പുരുഷൻമാരിലും കാണുന്നു.

**കാരണങ്ങൾ**

1) ഈസ്ട്രോജൻ, പ്രൊജസ്ട്രോജൻ തുടങ്ങിയ സ്ത്രീ ഹോർമോണുകൾ ഞരമ്പിന്റെ ഭിത്തിയിലെ മസിലുകൾ റിലാക്സ് ചെയ്യിക്കുകയും ഞരമ്പ് വികസിക്കുവാൻ കാരണമാവുകയും ചെയ്യുന്നു. അതിനാൽതന്നെ വേരിക്കോസ് വെയ്ൻ സ്ത്രീകളിൽ കൂടുതലായി കാണുന്നു.

2) വാർദ്ധക്യമാകുമ്പോൾ ഞരമ്പിന്റെ ഭിത്തിയിലുള്ള മസിലുകളുടെ ബലം കുറയുകയും ഞരമ്പ് വികസിക്കുകയും ചെയ്യുന്നു. അതിനാൽ പ്രായം കൂടുന്നതനുസരിച്ച് വേരിക്കോസ് വെയ്ൻ കൂടുതലായി കാണുന്നു.

3) ഭാരക്കൂടുതലും ഉയരക്കൂടുതലും ഉള്ളവരിൽ ആണ് വേരിക്കോസ് വെയ്ൻ കൂടുതലായി കാണുന്നത്.

4) ഗർഭകാലസമയത്ത് സ്ത്രീ ഹോർമോണുകൾ കൂടുതലായി കാണപ്പെടുകയും അവ ഞരമ്പുകളിലെ കോശങ്ങളെ മൃദുവാക്കുകയും ചെയ്യുന്നു. ഇത് പ്രസവശേഷവും ചിലരിൽ നീണ്ടു നിൽക്കുന്നു.

5) പാരമ്പര്യം ഒരു പ്രധാന കാരണമാണ്.


6) പുകവലി, മലബന്ധം, വളരെയധികം നില്ക്കുന്ന ജോലി മുതലായവ വേരിക്കോസ് വെയ്നു കാരണമാകുന്നു.


**പ്രശ്നസങ്കീർണ്ണത**

1) കാൽ കഴപ്പ്

2) വൈകുന്നേരങ്ങളിലുള്ള മസിൽ വേദനയും മസിൽ പിടുത്തവും.

3) പാദത്തിന്റെ കണ്ണഭാഗത്തുവരുന്ന നിറ വ്യത്യാസം, ചൊറിച്ചിൽ , വ്യണം, അസഹ്യ







മായ വേദന.

4) രക്തസ്രാവം.

**ലക്ഷണങ്ങൾ**

വേരിക്കോസ് വെയ്ൻ ഉള്ളവരിൽ കാലിന് സാധാരണ കഴയ്ക്കുന്ന വേദനയും ഭാരവും തോന്നിക്കുന്നു. ഇത് നില്ക്കുമ്പോൾ കൂടുകയും കാൽ പൊക്കിവയ്ക്കുമ്പോൾ കുറയുകയും ചെയ്യുന്നു. നീര്, നിറ വ്യത്യാസം, ചൊറിച്ചിൽ, വ്രണം, രക്തസ്രാവം മുതലായവ ചികിത്സ ആവശ്യമുള്ളതാക്കുന്ന ലക്ഷണങ്ങളാണ്.



Disposable catheter inserted into vein | Vein warmed and collapses | Catheter withdrawn closing vein

**പരിശോധനകൾ**

ഡോപ്ലർ സ്കാനിംഗ് ആണ് ഏറ്റവും പ്രധാനപ്പെട്ട പരിശോധന. ഇത് വേരിക്കോസ് വെയ്നിന്റെ ഘടന, വാൽവുകളുടെ പ്രവർത്തനം മുതലായവ കണ്ടു പിടിക്കാൻ സഹായിക്കുന്നു. പുറത്തുള്ള വെയിൻ അകത്തുള്ള വെയ്നിലേയ്ക്ക് തുറക്കുന്ന ഭാഗത്തുള്ള വാൽവുകളുടെ പ്രവർത്തനം കൃത്യമായി അറിയാൻ ഇത് സഹായിക്കുന്നു.

**ചികിത്സകൾ**

1) ബാന്റേജ്/ സ്റ്റോക്കിംഗ്

ഇത് കാൽമുട്ട് വരെയോ അതിന് മുകളിലേയ്ക്കോ ഉപയോഗിക്കാം. അതുവഴി വേരിക്കോസ് വെയ്ൻ കൊണ്ടുള്ള പല ബുദ്ധിമുട്ടുകളും കുറയ്ക്കുവാൻ സാധിക്കും.

2) സ്ക്ലീറോ തെറാപ്പി

ഞരമ്പുകളിലേയ്ക്ക് മരുന്ന് ഇൻജക്ട് ചെയ്യുന്ന രീതിയാണിത്. അൾട്രാസോണോഗ്രാഫി ഉപയോഗിച്ചാണ് മരുന്ന് ഇൻജക്ട് ചെയ്യുക. ചിലവ് കുറവാണെങ്കിലും പിന്നീട് രോഗം വരാനുള്ള സാധ്യത കൂടുതലാണ്.

3) ലേസർ ചികിത്സ


ലേസർ ഉപയോഗിച്ച് വേരിക്കോസ് വെയ്ൻ ബാധിച്ച ഞരമ്പുകൾ കരിച്ചു കളയുന്ന രീതിയാണിത്.

4) റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ

ഇത് ഏറ്റവും പുതിയ ചികിത്സാ രീതിയാണ്. ഞരമ്പിൽ കൂടി ഒരു സൂചി കടത്തിയ ശേഷം ഞരമ്പ് ചൂടാക്കി കരിക്കുന്ന രീതിയാണിത്. യാതൊരുവിധ വേദനയോ ബുദ്ധിമുട്ടോ ഇല്ലാത്ത ചികിത്സയാണിത്. വേരിക്കോസ് വെയ്ൻ പിന്നീട് വരാനുള്ള സാധ്യത ലേസർ ചികിത്സയേക്കാൾ കുറവാണ്. സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ഇത് ലഭ്യമാണ്.

5) സർജറി

ഇതിൽ അസുഖം ബാധിച്ച ഞരമ്പ് അകത്തുള്ള ഞരമ്പുമായി ചേരുന്ന ഭാഗം മുറിച്ച് മാറ്റുന്ന രീതിയാണ്. അതിനുശേഷം ഞരമ്പ് പൂർണ്ണമായും വലിച്ചെടുത്ത് കളയുന്നു. ചെറിയ ഞരമ്പുകൾ നേർത്ത മുറിവുകൾ ഉണ്ടാക്കി നീക്കം ചെയ്യാനാകും.



സി. ദീപ റോസ് എസ്.സി.ജെ.ജി

# അമ്മയ്ക്കരികെ



അടിപതറാത്ത വിശ്വാസത്തിന്റെയും അസ്തമിക്കാത്ത പ്രത്യാശയുടെയും പ്രതീകമാണ് പരിശുദ്ധ മറിയം. ആദിമാതാവിന്റെ അവിശ്വാസവും അനുസരണക്കേടുംമൂലം മനുഷ്യവർഗത്തിന് നേരിട്ട ദുരന്തങ്ങൾക്ക് പരിഹാരമെന്നോണം തന്റെ വിശ്വാസവും ഹൃദയത്തിലൂടെ വാൾ കടന്നുപോകുന്ന കഠിന വേദനയും സമർപ്പിച്ച് സ്വയം ദാനമായി. മറിയം സഹനത്തിന്റെ മൂശയിൽ മാറ്റു തെളിയിച്ചവളാണ്. കാലിത്തൊഴുത്തിലെ കടുത്ത ദാരിദ്ര്യത്തിലും കാൽവരിയിലെ ശൂന്യവത്ക്കരണത്തിലും ഈശോയുടെകൂടെ നിന്നുകൊണ്ട് മകന്റെ സഹനത്തിൻ മറിയം ആദ്യാവസാനം പങ്കുചേർന്നു.

'അമ്മ' എന്ന രണ്ടക്ഷരത്തിന് അർത്ഥം നല്കിയ പരിശുദ്ധ മറിയത്തിൽ സ്ത്രീത്വത്തിന്റെ പൂർണതയും മാതൃത്വത്തിന്റെ ശക്തിയും മനുഷ്യവർഗ്ഗത്തിന്റെ വിമോചനവും പ്രത്യക്ഷമാകുന്നതായി കാണാം. ഡിസംബർ 8 പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ... മാതാവിന്റെ അമലോത്ഭവം പ്രഖ്യാപിക്കുന്നത് 1854-ലാണ്. ദൈവമാതാവാകാനുള്ള ആനുകൂല്യത്തിന്റെ അനിവാര്യഘടകമായിരുന്നു അമലോത്ഭവം.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഏശയ്യാ പ്രവാചകന്റെ അധരങ്ങളിലൂടെ മാറ്റൊലികൊണ്ട ശബ്ദം 'കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും'(ഏശ. 7:14) ശാരീരിക, മാനസിക, ആത്മീയതലങ്ങളിൽ കന്യാത്വത്തിന്റെ പൂർണ്ണതയാണ് നാം പരിശുദ്ധ അമ്മയിൽ കാണുന്നത്. അമ്മ ചാരിത്രശുദ്ധിയുടെ നിറകുടമായിരുന്നു, കാരണം 'അവൾ ദൈവകൃപ നിറഞ്ഞവളായിരുന്നു' (ലൂക്കാ 1:28). എന്നിട്ടും സംശയകരമായ സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വന്നു. ദുരിതങ്ങളും കഷ്ടതകളും ആ ജീവിതത്തെ തേടി വന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഉള്ളിന്റെയുള്ളിലെ ഉറപ്പും അവൾക്കെന്നും ശക്തിയായി. ഒരിക്കലും പരിഭവത്തിന്റെയോ പരാതിയുടെയോ ഒരു ഭാവവും അമ്മയ്ക്ക് ഉണ്ടായിരുന്നില്ല. തിന്മയ്ക്ക് വശംവദയാകാതെ വലിയ സഹനം ശിരസ്സാവഹിച്ചു.

ആംഗലേയ കവിയായ സോമർസെറ്റ്മോമിന്റെ 'Razar Edge' എന്ന നോവലിൽ മുഖ്യ കഥാപാത്രമായ 'ലോറി' തന്റെ ദൈവാന്വേഷണത്തിന്റെ സമാപ്തിയിൽ 'ശുദ്ധതയോളം ആത്മാവിന്റെ ശക്തി വർദ്ധമാനമാക്കുന്ന മറ്റൊന്നില്ല' എന്ന കണ്ടെത്തൽ വലിയൊരു സ ത്യത്തിന്റെ ആവിഷ്കാരമാണ്. പരിശുദ്ധിയുടെ ഈ പ്ര ഭാവമാണ് കാൽവരിയുടെ നെ റുകയിൽപോലും നിശബ്ദതയോടെ ദൈവഹിതം സ്വീകരിക്കാൻ പരിശുദ്ധ അമ്മയെ പ്രാപ്തയാക്കിയത്.

പാപക്കറയേൽക്കാതെ, പരിശുദ്ധയായി ജനിച്ച അമ്മയുടെ മാദ്ധ്യസ്ഥശക്തി അത്ഭുതാവഹമാണ്. ഏതു തിന്മയ്ക്കും അടിമപ്പെട്ടവരേയും തിരിച്ചുവിളിക്കുവാൻ അമ്മയ്ക്ക് കഴിയും. ഒരമ്മയ്ക്കും തന്റെ മക്കളെ മനസ്സിൽനിന്ന് ആട്ടിയകറ്റാൻ കഴിയില്ലല്ലോ.

ദാനമായി തനിക്കു ലഭിച്ച കൃപാവരത്തെ വർദ്ധിപ്പിക്കുന്നതിനും അത് ദാനമായിത്തന്നെ നല്കുന്നതിനും പരിശുദ്ധ അമ്മയ്ക്ക് കഴിഞ്ഞു. ഹൃദയത്തിന്റെ തികവിൽ നിന്ന് സ് നേഹത്തിന്റെ സമൃദ്ധിയിൽ നിന്ന് അവൾ നിർലോഭം ദാനമായി നൽകികൊണ്ടിരിക്കുന്നു. ദൈവിക പ്രകാശത്തിൽ നമുക്കും കുറവുകളെ നികത്താം. ദൈവിക സൗന്ദര്യത്തിൽ അലംകൃതരാകാം. ദൈവികദാനങ്ങളെ പങ്കുവയ്ക്കാം.

സി.റീന മരിയ എസ്.സി.ജെ.ജി

# ആപ്പിൾ റ്റാഷിയും വാനില സോസും

**പാകം ചെയ്യുന്ന വിധം**

മൂന്നര കപ്പ് മൈദയിൽ രണ്ടു കോഴിമുട്ടയും മൂന്ന് ടേബിൾ സ്പൂൺ പഞ്ചസാരയുംകൂടി അടിച്ചത് ഒരു സ്പൂൺ ബട്ടറും ഒരു നുള്ള് ഈസ്റ്റ് ലയിപ്പിച്ചതും, ഉപ്പും ചെറു ചൂടുവെള്ളവും ആവശ്യത്തിന് ചേർത്ത് ചപ്പാത്തി പരുവത്തിൽ കുഴച്ച് നനവുള്ള തുണികൊണ്ട് ഏകദേശം ഒരു മണിക്കൂർ മൂടിവെക്കുക.

തുടർന്ന് മൂന്ന് വലിയ ആപ്പിൾ തൊലികളഞ്ഞ് ചെറിയ കഷ്ണങ്ങളാക്കി ഒരു പാൻ ചൂടാവുമ്പോൾ ഒന്നര സ്പൂൺ ബട്ടർ അല്ലെങ്കിൽ സൂര്യകാന്തി എണ്ണയോ ഒഴിച്ച് ചൂടാവുമ്പോൾ കഴുകിയ ഉണക്കമുന്തിരി 20 ഗ്രാം അതിലേയ്ക്ക് ഇടുക. മൂപ്പായിവരുമ്പോൾ മുറിച്ചുവച്ച ആപ്പിളും മൂന്ന് ടേബിൾസ്പൂൺ പഞ്ചസാരയും 1/4 ടീ സ്പൂൺ കറുകത്തൊലി പൊടിച്ചതും 1 ഏലക്ക, 1 ഗ്രാമ്പു എന്നിവ പൊടിച്ചതും ചേർത്തിളക്കി മൂടാതെ വേവിച്ച് ഇറക്കിവയ്ക്കുക.

ചപ്പാത്തിപ്പരുവത്തിൽ കുഴച്ചുവച്ച മാവ് വളരെ കനംകുറച്ച് പരത്തി ഏകദേശം 7cm*7cm ചതുരകഷ്ണങ്ങളായി മുറിക്കുക. ഒരു പാളിയുടെ നടുവിൽ വേവിച്ച ആപ്പിൾകൂട്ട് ചതുരത്തിൽ നിരത്തി മറ്റൊരു മാവിന്റെ പാളി ഉപയോഗിച്ച് മൂടി നാലു വശവും ഫോർക്ക് ഉപയോഗിക്ക് കീറിപ്പോകാതെ കൂട്ടിയോജിപ്പിക്കുക. എല്ലാം പൂർത്തിയായി കഴിയുമ്പോൾ മൂർച്ചയുള്ള ചെറു കത്തി ഉപയോഗിച്ച് എല്ലാത്തിന്റേയും പുറത്ത് മൂന്ന് ചെറിയ വരകളിടുക. തുടർന്ന് 150 $^{o}$C ചൂടാക്കിയിട്ടുള്ള ഒരു ഓവനിലേയ്ക്ക് പൂർത്തിയാക്കിയ ആപ്പിൾ റ്റാഷികൾ സ്ഥലപരിധിക്കനുസരിച്ച് നിരത്തിവച്ച് 20-25 മിനിറ്റ് ബേക്ക് ചെയ്ത് പുറത്തെടുക്കുക. ആവശ്യമെങ്കിൽ അല്പം ബട്ടർ പുറത്ത് തൂക്കാവുന്നതാണ്.

ഒരു സോസ് പാനിൽ ഒന്നര ഗ്ലാസ് പാല് ഒഴിച്ച് ചൂടായിവരുമ്പോൾ 1/4 ഉണങ്ങിയ വാനിലയുടെ ഉൾവശം കത്തി ഉപയോഗിച്ച് ചുരണ്ടിയത് അതിലേയ്ക്ക് ഇട്ട് ലയിപ്പിക്കുക. വാനില ലഭ്യമല്ലെങ്കിൽ 3 തുള്ളി വാനില എസ്സൻസ് ഉപയോഗിക്കുക. തുടർന്ന് മൂന്ന് ടേബിൾസ്പൂൺ പഞ്ചസാരയും മൂന്ന് ടേബിൾസ്പൂൺ കസ്റ്റാഡ് പൗഡർ വെള്ളത്തിൽ ലയിപ്പിച്ചതും പാലിൽ ചേർത്ത് ഇളക്കുക. അടിയിൽ പിടിക്കാതെ ഒത്തിരി കട്ടിയാകുന്നതിനു മുൻപ് ഇറക്കിവെയ്ക്കുക.




ഇനി പരന്ന ഒരു ബൗളിൽ ഒരു ആപ്പിൾ റ്റാഷി എന്നവിധത്തിൽ മുകളിലും സൈഡിലുമായി അല്പം വാനിലസോസും ഒഴിച്ച് ഓരോന്നിന്റേയും മുകളിൽ അല്പം പഞ്ചസാരയും കറുവപൊടിച്ചതും കൂട്ടിയോജിപ്പിച്ചതും ഒരു നുള്ള് വിതറുക. എന്നിട്ട് ഒരു ലെമൺ മിന്റിന്റെ കുരുന്നുംവെച്ച് സേർവ്വ് ചെയ്യുക.

സന്തോഷം നിറഞ്ഞ ക്രിസ്തുമസ്സ് ആശംസകൾ....!


രോഗികൾക്കുവേണ്ടി ബ്രദർ രാപകൽ അധ്വാനിച്ചു. കൊച്ചുകുട്ടി
കൾ മുതൽ മുതിർന്നവർക്കുവരെ ബ്രദറിനെ ഇഷ്ടമായിരുന്നു.
സാരമില്ല, ഉടനെ ഭേദമായിക്കൊള്ളും.
ബ്രദറിന്റെ ആദരാത്മകശുശ്രൂഷ
ഏവർക്കും വലിയ ആശ്വാസമായി.


വർഷങ്ങൾ കൊഴിഞ്ഞുപോയി. ഇതിനിടെ അമ്മയും സഹോദരനും നഷ്ടപ്പെട്ടു.
തൊട്ടുപിന്നാലെ അടുത്ത സഹോദരനും. പിതാവു മാത്രം തനിച്ചായി.
മോൻ എന്നെ യോർത്തു വിഷമിക്കണ്ട. നീ ദൈവത്തിനുവേണ്ടി ഇറങ്ങിത്തിരിച്ചതല്ലേ. ദൈവം എന്നെ പൊന്നുപോലെ നോക്കിക്കൊള്ളും.
രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു.
യുദ്ധാനന്തരം 1950 ൽ ബ്രദർ ഫോർത്തുനാ
ത്തൂസും കൂട്ടരും ജർമനയിലെ ഫ്രാങ്ക്ഫർട്ടി
ലെത്തി ചെറിയൊരു കെട്ടിടത്തിൽ രോഗീ
ശുശ്രൂഷ തുടർന്നു.




Printed and Published by Sr.Vimala George on behalf of Sisters of Charity of St John of God and Printed at
Sterling Print House (P)Ltd.Door No:49/1849, Ponekkara P.O.,Cochin-682 041.
Published at Sisters of Charity of St John of God, Kattappana South P.O, Idukki (Dt) 685 515.
E-mail: fortunekpna@gmail.com, Website: www.scjg.in. , Editor : Sr.Vimala George


സീറോ മലബാർ സഭയുടെ കൂരിയാ മെത്രാനായി
അഭിഷിക്തനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ
വാണിയപുരയ്ക്കൽ പിതാവിന് സെന്റ് ജോൺ
ഓഫ് ഗോഡ് സന്യാസിനീ സമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ....